



ശക്തമായ പ്രതിഷേധം: കോളേജദ്ധ്യാപക പ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട്
എ കെ പി സി ടി എ തിരുവനന്തപുരത്ത് പ്രകടനം നടത്തുന്നു.

# kerala private college teacher

**No. 116** **November** **1993**



# പ്രൊഫ. വി. മധുസൂദനൻനായർക്ക് എ കെ പി സി ടി എ യുടെ അനുമോദനം

കേരള സാഹിത്യ അക്കാദമിയുടെ ഇക്കൊല്ലത്തെ കവിതയ്ക്കുള്ള അവാർഡു നേടിയ പ്രൊഫ മധുസൂദനൻ നായരെ (സെൻറ്സേവിയേഴ്സ് കോളേജ്, തുമ്പ) എ കെ പി സി ടി എ തിരുവനന്തപുരം ജില്ലാകൗൺസിൽ അനുമോദിച്ചു. സംഘടനയുടെ വകയായുള്ള ഉപഹാരം ഡോ. പുതുശേരി രാമചന്ദ്രൻ നല്കി. നവമ്പർ 17 ന് ട്രിവാൻട്രം ഹോട്ടലിൽ നടന്ന ചടങ്ങിൽ ജില്ലാ സെക്രട്ടറി പ്രൊഫ. കെ. എൽ. വിവേകാനന്ദൻ അധ്യക്ഷത വഹിച്ചു.

പ്രൊഫ. എസ്. വി. വേണുഗോപൻ നായർ, നീലമ്പേരൂർ മധുസൂദനൻ നായർ, പ്രൊഫ. ജി. മാധവൻ നായർ എന്നിവർ പ്രൊഫ. മധുവിനെ അനുമോദിച്ചു സംസാരിച്ചു. അനുമോദനങ്ങൾക്ക് സമുചിതമായ മറുപടി പറഞ്ഞ പ്രൊഫ. മധു, ഭാരതീയം എന്ന കവിതയും ചൊല്ലി. ജില്ലാസെക്രട്ടറി പ്രൊഫ. മോഹനകൈമൾ സ്വാഗതമാശംസിച്ചു, പ്രൊഫ. ഡി. തോമസ് നന്ദിപറഞ്ഞു.



# സർക്കാരിന്റെ ഒത്തുകളി

രണ്ടു സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളുടെ ന്യൂനപക്ഷ പദവി പ്രശ്നത്തിൽ സത്യം സുപ്രീംകോടതിയെ തക്കസമയത്തു ബോധ്യപ്പെടുത്താൻ കേരള സർക്കാർ തയ്യാറായില്ല. ഇപ്പോൾ സ്വകാര്യകോളേജധ്യാപകരുടെ നിലനില്പിന്റെ അടിത്തോണ്ടുന്ന ഗുരുതരമായൊരു പ്രശ്നമായി ഇത് മാറിക്കഴിഞ്ഞിരിക്കുന്നു. കേരളം വിദ്യാഭ്യാസരംഗത്തു നേടിയ പുരോഗതിയെ വളരെ ആസൂത്രിതമായി പുറകോട്ടു പിടിച്ചു വലിക്കാനും മാനേജുമെന്റുകളുടെ പഴയ മാടമ്പിത്തം തിരിച്ചുകൊണ്ടുവരാനും അവരുമായി ച്ചേർന്ന് കേരളസർക്കാർ ഒത്തുകളിച്ചിരിക്കയാണ്.

കൊല്ലം ടി. കെ. എം., കോതമംഗലം മാർഅത്തനേഷ്യസ് എഞ്ചിനീയറിംഗ് കോളേജുകൾ സർക്കാർ ഖജനാവിൽ നിന്നും ശമ്പളവും മറ്റുചെലവുകളും വാങ്ങിനടത്തപ്പെടുന്നവയാണ്. ഇതരസംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്ഥമാണ് ഈ സ്ഥിതി. 1972 ലെ ഡയറക്ട് പേമെന്റ് വ്യവസ്ഥ അനുസരിച്ച് പ്രൊഫഷണൽ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനത്തിന് മാനേജ്മെന്റ് ക്വാട്ടയായി അനുവദിച്ചിട്ടുള്ളത് 15 ശതമാനം മാത്രമാണ്. ഇത് 50 ശതമാനമായി ഉയർത്തുമ്പോൾ കോടികണക്കിനു രൂപ കോഴവാങ്ങാനുള്ള സൗകര്യം മാനേജുമെന്റുകൾക്ക് കിട്ടുകയാണ്. എഞ്ചിനീയറിംഗ് / മെഡിസിൻ രംഗത്തെ വിദ്യാർത്ഥിപ്രവേശനത്തിൽ മെരിററിൽ ഉറച്ചുനിൽക്കാൻ കർണ്ണാടകത്തിലെ കൂട്ടകുഴപ്പം നിറഞ്ഞ മൊയ്‌ലി സർക്കാരിനു പോലും കഴിഞ്ഞു. എന്നാൽ ഇവിടെയോ? ജാതി മതതാലപര്യക്കാർ അവർക്കിഷ്ടംപോലെ സർക്കാരിനെക്കൊണ്ട് കൃത്യങ്ങൾ നടത്തുന്നു.

എഞ്ചിനീയറിംഗ് കോളേജുകൾക്ക് ന്യൂനപക്ഷപദവി അനുവദിച്ചുകിട്ടിയാൽ നാളെ മററുസ്വകാര്യ കോളേജുകളും ആവഴിക്ക് നീങ്ങും എന്നതുറപ്പാണ്. ന്യൂനപക്ഷ പദവി കിട്ടാൻ 1972-ലെ ഡയറക്ട്പേമെന്റ് വ്യവസ്ഥ ഉപേക്ഷിക്കാനും മാനേജുമെന്റുകൾ തയ്യാറാകും. ''ന്യൂനപക്ഷങ്ങൾക്ക് ബാധകമാകാത്തത് ഭൂരിപക്ഷങ്ങൾക്കും ബാധകമല്ല'' എന്ന പഴയ നിഗമനം കൂടി നടപ്പിലായാൽ അധ്യാപകർ ഒന്നടങ്കം അപകടപ്പെട്ടതുതന്നെ. സേവന വേതന വ്യവസ്ഥകളെല്ലാം കാററിൽപ്പറക്കും. മാനേജുമെന്റിന്റെ യന്ത്രപ്പാവയായി അധ്യാപകർ വീണ്ടും തരംതാഴും. ഈ സ്ഥിതി ഒഴിവാക്കാനുള്ള ജാഗ്രത എല്ലാവർക്കുമുണ്ടാകണം. സുപ്രീം കോടതിക്കേസിൽ എ കെ പി സി ടി എ കക്ഷി ചേർന്നത് അതുകൊണ്ടാണ്. സർക്കാരിന്റെ കള്ളക്കളിക്കെതിരേ അതിശക്തമായ സമരത്തിന് നമ്മൾ തയ്യാറാകേണ്ടിയിരിക്കുന്നു. □

എഡിററർ
വി. എൻ. മുരളി

മാനേജിംഗ് എഡിററർ
കെ. പി. ദിവാകരൻ നായർ


പത്രാധിപസമിതി
വി. നാരായണൻകുട്ടി
കെ. സദാശിവൻനായർ
പി. ജി. ചന്ദ്രശേഖരൻനായർ
സി. ജെ. ശിവശങ്കരൻ
ടി. എൻ. മനോഹരൻ
ജെ. ചന്ദ്ര
രാജേന്ദ്രൻ
ജോണി. കെ. ജോൺ

വിലാസം
എഡിററർ
വസന്തം
ചെമ്പകശേരി നഗർ
കേശവദാസപുരം
തിരുവനന്തപുരം-4
ഫോൺ- 442242

മാനേജിംഗ് എഡിററർ
അശ്വതി
എൽ. ഐ. സി. ലയിൻ 'ബി'
പട്ടം
ഫോൺ : 432505

ഡോ. വി. രാജേന്ദ്രൻ

# പ്രവർത്തക ക്യാമ്പ്



പ്രൊഫ. വി. അരവിന്ദാക്ഷൻ, പ്രൊഫ. വി. നാരായണൻകുട്ടി, പ്രൊഫ. കെ. ദാമോദരൻ, പ്രൊഫ. പി. എസ്. നാരായണൻ, പ്രൊഫ. കെ. സദാശിവൻനായർ, പ്രൊഫ. ആൻറണി, പ്രൊഫ. മാമ്മൻവർക്കി, പ്രൊഫ. ചന്ദ്രമോഹനൻ എന്നിവർ ക്യാമ്പിൽ സംസാരിക്കുന്നു

വിലങ്ങന്നൂർ ദർശന പാസ്റററൽ സെൻററിന്റെ ശാന്തവും പ്രൗഢവുമായ അന്തരീക്ഷത്തിൽ, കേരളത്തിലെ സ്വകാര്യകോളേജ് അദ്ധ്യാപകരുടെ കരുത്തുററ പ്രസ്ഥാനമായ A K P C T A യുടെ പ്രവർത്തകർ വീണ്ടും ഒത്തുകൂടി. സംസ്ഥാനതല പ്രവർത്തകക്യാമ്പ് 1993 ഒക്ടോബർ 16, 17 തീയതികളിൽ പീച്ചിയിലെ വിലങ്ങന്നൂർ സെൻററിൽ വച്ചുനടന്നു

16-ാംതീയതി രാവിലെ 10.30ന് സെൻററിന്റെ അങ്കണത്തിൽ A K P C T A യുടെ പതാക പ്രസിഡൻറ് ശ്രീ വി നാരായണൻകുട്ടി ഉയർത്തിയതോടെ സമ്മേളനത്തിന് തുടക്കം കുറിച്ചു ക്യാമ്പിന്റെ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട്, പ്രശസ്ത സാമ്പത്തികശാസ്ത്രജ്ഞനായ ശ്രീ പി.കെ മൈക്കിൾ തരകൻ, 'ഉന്നതവിദ്യാഭ്യാസം-ദർശനപരമായ സമീപനം'

എന്ന വിഷയത്തെ അധികരിച്ച് പ്രഭാഷണം നടത്തി. പ്രബന്ധത്തിന്റെ പൂർണ്ണരൂപം സമ്മേളനത്തിൽ അച്ചടിച്ച് വിതരണം ചെയ്യുകയുണ്ടായി. ഉദ്ഘാടനസമ്മേളനത്തിൽ AKPCTA പ്രസിഡന്റ് പ്രൊഫ. വി. നാരായണൻകുട്ടി അദ്ധ്യക്ഷത വഹിച്ചു. സംക്ഷിപ്തവും കാര്യമാത്രവുമായ തന്റെ ഉദ്ഘാടന പ്രസംഗത്തിൽ ശ്രീ. തരകൻ ഉന്നതവിദ്യാഭ്യാസരംഗം ഇന്ന് നേരിടുന്ന മൂല്യത്തകർച്ചയിലേക്ക് അംഗങ്ങളുടെ ശ്രദ്ധയാകർഷിച്ചു. ഈ അവസരത്തിൽ, പുതുതായി എന്തെങ്കിലും ഈ രംഗത്ത് ചെയ്യണമെങ്കിൽ വ്യാപകമായ ഒഴിച്ചുപണി ഉണ്ടായേ തീരൂ എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. അതിന് സഹായകമാകുന്ന ചില നിർദ്ദേശങ്ങളും അവതരിപ്പിക്കുകയുമുണ്ടായി.

വിദ്യാഭ്യാസം ഒരു സാമൂഹ്യപ്രക്രിയയാണ്. എന്നാൽ അത് നിയമപരമായി സാർവത്രികവൽക്കരിക്കപ്പെടുന്നില്ല. ദേശീയമായ താൽപര്യങ്ങളുടെ പേരിൽ മറ്റുതാൽപര്യങ്ങൾക്ക് വിസ്മരിക്കപ്പെടുകയാണ്. ഇന്ന് പരക്കെ ചർച്ചചെയ്യപ്പെടുന്ന വിദ്യാഭ്യാസ ദർശനങ്ങൾ പ്രധാനമായും മൂന്നുതട്ടുകളിലാണ്—വരേണ്യ വിഭാഗത്തിന്റെ താൽപര്യങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള മത്സരാധിഷ്ഠിതമായ ഒരുവിദ്യാഭ്യാസ സമ്പ്രദായം, ബ്യൂറോക്രസിയുടെ സ്വാധീനവും നിയന്ത്രണവും വർധിപ്പിച്ചുകൊണ്ടുള്ള നിയമ നിയന്ത്രിതസംവിധാനം, ഇവ രണ്ടിനെയും എതിർത്തുകൊണ്ട്, പരമ്പരാഗതമായ വിദ്യാഭ്യാസ സമ്പ്രദായത്തിലേക്കുള്ള തിരിച്ചുപോകലാണ് ഏക പരിഹാരമാർഗം എന്ന മൂന്നാമത്തെ സമീപനം. ഇവമൂന്നും ഗുരുതരമായ പ്രത്യാഘാതങ്ങൾ സമൂഹത്തിൽ സൃഷ്ടിക്കുവാൻ പോന്നവയാണ്. ഇവയ്ക്ക് ബദലായി ഒരു പുത്തൻ ദർശനം വളർത്തിയെടുക്കുവാൻ കഴിയുമോ? കഴിയും എന്നശുഭാപ്തി വിശ്വാസമാണ് ശ്രീ. തരകൻ പ്രകടിപ്പിച്ചത്


തുടർന്ന് കേരള സർവകലാശാലാ സിൻറിക്കേറ്റംഗവും, AKPCTAയുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായുള്ള ഉപസമിതിയുടെ കൺവീനറുമായ ശ്രീമാൻ മാമ്മൻവർക്കി, "ഏകീകൃതസർവകലാശാലാ നിയമവും ഉന്നതവിദ്യാഭ്യാസ രംഗവും" എന്ന വിഷയത്തെക്കുറിച്ച് സംസാരിച്ചു. ഏകീകൃത സർവകലാശാലാ നിയമത്തിന്റെ രൂപത്തിൽ നാം നേരിടുന്ന വെല്ലുവിളിയുടെ പ്രത്യാഘാതങ്ങളെ സംബന്ധിച്ചും അവയുടെമേൽ നമുക്കുള്ള താത്വികമായ കാഴ്ചപ്പാടിനെ സംബന്ധിച്ചും ശ്രീ മാമ്മൻ വർക്കി വിശദീകരിച്ചു.

## സംഘടനാ റിപ്പോർട്ട്

കോമൺ യൂണി: ബില്ലിനെതിരായി നാം നടത്തിയ ജൂലൈ 28ലെ സൂചനാ പണിമുടക്ക് ഒരു വൻവിജയമാക്കിത്തീർത്ത പ്രവർത്തകർക്ക് അഭിനന്ദനങ്ങൾ അർപ്പിച്ചുകൊണ്ട് ജനറൽ സെക്രട്ടറി തന്റെ സംഘടനാ റിപ്പോർട്ട് അവതരിപ്പിച്ചു. പ്രസ്തുതബിൽ പൂർണ്ണമായും ഉപേക്ഷിക്കാൻ ഗവ. ഇതുവരെ തയ്യാറായിട്ടില്ലെങ്കിലും, അത് സെലക്ട് കമ്മറ്റിക്ക് വിടുവാനുള്ള തീരുമാനത്തിൽ കൊണ്ടുചെന്നെത്തിക്കുവാനെങ്കിലും നമ്മുടെ സമരത്തിനു കഴിഞ്ഞു. മാത്രവുമല്ല, വ്യാപകമായ പ്രതിഷേധം ഈ രംഗത്ത് ഉയർത്തികൊണ്ടുവരുവാനുള്ള നമ്മുടെ ശ്രമം വിജയിക്കുകയും ചെയ്തു. ബിൽ പൂർണ്ണമായും ഉപേക്ഷിക്കണമെന്ന ആവശ്യത്തിൽ ഉറച്ചു നിന്നു കൊണ്ടു തന്നെ, സംഘടനയ്ക്ക് ഈ പ്രശ്നത്തിൽ പറയുവാനുള്ള കാര്യങ്ങൾ ശക്തമായിത്തന്നെ സെലക്ട് കമ്മറ്റിമുമ്പാകെ അവതരിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അതോടൊപ്പം തന്നെ, ഒരു ബദൽ ബില്ലിനു രൂപം കൊടുക്കുന്നതിനു വേണ്ടിയുള്ള ശ്രമത്തിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽവച്ച് വിപുലമായ സെമിനാറുകൾ സംഘടിപ്പിക്കുവാനും തീരുമാനമെടുക്കുകയുണ്ടായി. മൂന്ന് സെമിനാറുകൾ ഈ രീതിയിൽ നടന്നു കഴിഞ്ഞു. അതിൽ ഉരുത്തിരിഞ്ഞുവന്ന കാര്യങ്ങൾ ക്രോഡീകരിച്ചുകൊണ്ട് ഒരു പഠനരേഖ തയ്യാറാക്കി വിതരണം ചെയ്യുകയുമുണ്ടായി

DCE· Dy., DCE ഓഫീസുകൾ അദ്ധ്യാപകരുടെ ശമ്പള വേതന കാര്യങ്ങളിൽ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന പ്രതിബന്ധങ്ങൾ, സർവകലാശാലയുടെ അധികാരത്തെ മറികടന്നുകൊണ്ട് DCE നിർദ്ദേശിച്ചിരിക്കുന്ന Monthly Report, UGC ഫിക്സേഷനിലെ കാലതാമസം തുടങ്ങിയ പ്രശ്നങ്ങൾ നാം ഉയർത്തിക്കാട്ടി ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകത ജനറൽ സെ

(ശേഷം 3[illegible] പേജിൽ)



ക്യാമ്പ് ചിത്രങ്ങൾ:

1 പ്രസിഡൻറ് പതാകയുയർത്തുന്നു
2 ക്യാമ്പിൽ പങ്കെടുത്തവർ
3 ഭക്ഷണം

P. K. Michael Tharakan

# A Perspective of Higher Education

## 1.0 AN INTRODUCTORY EXPOSITION

### *1.1. Introduction:*

1.1 All social process, including education, have explicit or implicit approaches, assumptions, and perspectives. In a pluralistic sociey such approaches are bound to be diverse. In India, reflecting the country's social,cultural, political and nationalistic origins, diverse perspectives exist on education. But also reflecting the highly heirarchi cal nature of our society hardly more than one perspective is projected prominently. Higher education being in the concurrent list of the constitution is a concession to the possibility of desirableviewpoints. Yet hardly have these diverse perspective allowed to grow. The closest that we came to define a "national" understanding of the philosophy of education was in the Chapter I of the Kothari Commission Report (pp. 1—44). The policy implications drawn from this statement had undergone perceptible changes by 1985 when the Ministry of Education released the document "Challenge of Education, a policy perspective'. Whatever be the perception of change of emphasis in "national"level formulation of approaches to education it had to be conceded as one among many perspectives on vital social process.

## II.0. Historical Antecedents

II.1. Modern higher education as we understand it, was introduced in India as part of a colonial project. Like every othercolonial project this also had a colonial purpose. It was through the educational system and its accessories that the colonial in India, the ideo. power could institute logical parameters of our subjugatedcultural existence. The "affiliating" university model was introduced after the 'examining' London university. Uuderneath this policy action was the outlook that those why enter the system are liable to be examined and assessed for slotting, more than to be helped to grow in to experimenting, enterprising, humane and adverntourous persons willing to take risks.

പീച്ചിയിൽ നടന്ന
എ കെ പി സി ടി എ
പ്രവർത്തക ക്യാമ്പിൽ
അവതരിപ്പിച്ച പ്രബന്ധം

II.2. As a result our educational system lost scope for experimentation. The most serious challenge to this situation emerged from Mahatma Gandhi. In his basic education perspective he argued that the discontinuity created by colonial rule between the historical developments of traditional crafts and modern technological development, be nullified by situatidn traditional craft knowledge as the centre piece of post-independent education. This perspective was torpedoed by calling it a historically turning back and devoiding it of all experimental aspects by merely rationalizing it. With the failure of the Gandhián alternative, the nationalist challenge was over and the colonial perspective on education survived.

## III.0. Nature of New challenges:

III.1. The Gandhian challenge could so easily be handled because of the orientalist distortions inherent in our colonial educational heritage. This heritage created ideas of the "traditional Indian" (noble savage) and also of the "modernized/westernised Indian". Those of us who have been through higher education institutions accepted such stereotypes and are judging ourselves according to these measures. Meanwhile developed and some developing countries advanced their technological and scientific capabilities and became major competetors in the capitalistic world economy. In the inter face with them, Indians, in spite of individual excellence, were found wanting.

III.2. Another problem faced by our educational system was from the failure to live upto even the basic standards prescribed for the system. This arose out of general problems faced by the Indian society at large, decreasing resource allocations, growing unemployment, the inevitable doubts in the minds of teachers and students about the purpose of education etc. The document 'Challenge of Education' mentions theese problems in the following words: 'Apart from the imperatives arising out of a continuing revolution in the world of technology, India is faced with challenges at home whose urgency cannot be denied'.

## IV.0. Suggested Solutions.

IV.1 Multiplicity of solutions suggested can broadly be categorised into three approaches. First is to strengthen further the already existing elitist stream by starting centres of excellence like IITs and IIMs. The resources for this venture can be raised by large-scale pivatisation. Meanwhile the run-of the-mill education system may remain as such, leading to compartmentalisation into 'meanial manpower' and "noble professionals." The second solution suggested, presented as a corollary of the former, (but essentially is derived from other philosophical premises) is to strengthen the beauraucratic/colonial character of the educational system. Such suggestions (among which I include the Kerala Universities Bill 1993) denys possibilities for decentralisation and democratisation and even phazes out the 'false' autonomy that the University system now enjoys; for what is called administrative efficency. The third suggestion is to go back to our own traditions. This suggestion is presented as a trap because those who suggest this solution themselves also present our tradition as a unilinear view of the past; disallowing any plurality.

## V.O. Is there a way out?

V.I. All the three arguments mentioned above derive strong support in our society. The reason for this is the failure of the teaching community to develop a serious alternative. Further, the credibility of all sections of the academic community has been throughly devalued. Therefore the effort at establishing a space for airing alternate view points will be difficult. This paper is only a beginning towards such a search.

## VI.O. Search for an Alternative

VI.I. The search for an alternative has to begin with the acceptance of plurality. In the context of plurality, consensus through democratic processes, autonomy oflocal academic communities, and their self governing capabilities should be strengthen. To illustrate local educational traditions, we may turn to an account of the Kodungallur Gurukulam. (See K. T. Rama Varma, Mahakavi Kunjikuttan Thampuran, Keraleeya Mahatmakkal 14, Samskarika Prasidheekarana Vakuppu, Govt. of Kerala, 1992, pp. 5-21) There some "Modern" pedagogical techniques of discussion, presntation, retrospective and critical assessment of what was presented beforehand etc. used to be practised. The nature of the higher education imported here indicate that it did not intend so much as the employability of students but in producing a "better" human being, according to the norms prevailing in that society at that time.

VI.2. What can be derived is that the main intention of higher education need not be individual employability. Three are other stages of education which can directly contribute to employability. The role that higher education can do is to provide the research, teaching, and training support to such programes. The university should play aconstructive role in radical vocationalism by dismantling the symbolic authority of academism. The aim should be to enable people to act more autonomously and reflectively in a changing labour market The first thing that can be done towards this purpose Is to make use of existing university structures to design a series of courses which will experimentally try to facilitate emergence of humane charaeteristics and upgraded skills. □

---

## പമ്പ കോളേജിൽ സംഘടനയ്ക്കു വിജയം

ഡി. ബി. പമ്പ കോളേജ് കൗൺസിലിലേയ്ക്കു നടന്ന തെരഞ്ഞെടുപ്പിൽ എ കെ പി സി ടി എ സ്ഥാനാർത്ഥികൾ വൻ ഭൂരിപക്ഷത്തോടെ തെരഞ്ഞെടുക്കപ്പെട്ടു.

പ്രൊഫ. കെ. ജി. സദാശിവൻ നായർ, പ്രൊഫ. കെ. രാജഗോപാലൻ നായർ, പ്രൊഫ. എം. എൻ. ഗോപാലകൃഷ്ണൻ എന്നിവരാണ് വിജയിച്ചത്.

---

# പ്രീഡിഗ്രി വേർപെടുത്തൽ: തിരക്കുപിടിച്ചു നടത്തേണ്ടതല്ല

## എ. കെ. പി. സി. ടി. എ. ഗവൺമെൻറിനു സമർപ്പിച്ച നിർദ്ദേശങ്ങൾ

### 1. മുഖവുര

ഇൻഡ്യയിലെ വിദ്യാഭ്യാസ വ്യവസ്ഥയുടെ ഘടനയേയും, കോഴ്സുകളുടെ ദൈർഘ്യത്തേയും കുറിച്ച് വിശദമായി പഠിച്ച ദേശീയ വിദ്യാഭ്യാസ കമ്മിഷൻ (1964–66) ചൂണ്ടിക്കാണിച്ച ചില കാര്യങ്ങൾ, ഇന്നും ശ്രദ്ധേയമാണ്;

The standards in any given system of education depend upon four elements (a) the structure or the division of the educational pyramid into different levels or stages and their inter-relationships (b) the duration or total perioed covered by the different stages (c) the extend and quality of essential inputs such as teachers, curricula, methods of teaching and evaluation, equipment and buildings and (d) the utilization of available facilities. All these elements are inter-related but they are not of equal sigiiticance. For instance, the structure which may be regarded as the skeleton of the educational system, is of the least importance. (Report of the Education Commission 1964-'66, Page 23, 2.02). 2. We do not believe that it is necessary or desirable to impose a uni form pattern of school and college classes in all parts of the country. There are several characteristic features of the Indian situation, such as the vastness of the country and the immense diversity of local conditions and traditions that demand a certain element of flexibility in the educational structure (in Report of the E.C. '64—'66 page 28, 2.11) 3. The most serious weakness of the existing educational system lies, not into structure, but in its feebleness. We are getting relativeiy much less than what we should from the system as it exists and the resources that go into it. No reorrganization of structure or addition of time can remedy this basic weakness (R.E.C page 36, 2.33). 4. "............ the pre-university, intermediat or junior college courses should be transferred from higher education to school education in a period of 10 years (R.E.C. page 32, 2.2 1)

ദേശീയ വിദ്യാഭ്യാസ കമ്മിഷന്റെ (1964-66) നിഗമനങ്ങൾ, ചുരുക്കത്തിൽ ഇവയാണ്. വിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിൽ ഘടനാപരമായ പുനഃസംവിധാനത്തിന് പ്രാഥമിക പങ്കില്ല. ഏററവും കുറഞ്ഞ പ്രാധാന്യമേ ഉള്ളു. ഇൻഡ്യയുടെ വിഭിന്നത വിദ്യാഭ്യാസ ഘടനയുടെ വൈവിധ്യം നീതികരിക്കുന്നു. ഘടനയുടെ പൊളിച്ചെഴുത്തോ, കോഴ്സുകളുടെ ദൈർഘ്യവർദ്ധനവോ അല്ല ഉണ്ടാകേണ്ടത്. ഇന്ന് വിദ്യാഭ്യാസ വ്യവസ്ഥ തീർത്തും 'ദുർബല' മായതുകൊണ്ട് വൻതോതിൽ അർത്ഥവും ആളും നൽകി വിദ്യാഭ്യാസ ഘടനയെ കരുത്തുററതാക്കുകയാണ് അടിയന്തിരമായി ചെയ്യേണ്ടത്. ആ പ്രവർത്തനമേ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുകയുള്ളു. കമ്മിഷൻ നിഷ്കർഷിക്കുന്നു. ഒററയടിയ്ക്കും തിടുക്കത്തിലും സർവകലാശാലകളിൽ നിന്നും പറിച്ചുനടേണ്ട ഒരു കാര്യമല്ല പ്രീഡിഗ്രി വിദ്യാഭ്യാസമെന്ന്. ഈ നിഗമന

ങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോാം, ഇപ്പോഴത്തെ പ്രീഡിഗ്രി വിദ്യാഭ്യാസത്തിന്റെ ധൃതിയിലുള്ള വിഘടനത്തിന്റെ ഔചിത്യത്തെയും ആവശ്യകതയെയും കുറിച്ച് നിരവധി സംശയങ്ങൾ ഉയരും.

പ്രീഡിഗ്രി വിദ്യാഭ്യാസം സർവകലാശാലയിൽ നിന്നും വിഘടിക്കുന്നതിന്റെ ഉദ്ദേശ്യം ,അക്കാദമിക നിലവാരം ഉയർത്തുകയെന്നതും വിവിധ വിദ്യാഭ്യാസ ഘടനകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുകയെന്നതും മാത്രമായിരിക്കണം. ഇവ മാത്രം ലക്ഷ്യങ്ങളാണെങ്കിൽ പ്രീഡിഗ്രിയെ സർവകലാശാലയിൽ നിന്നും വേർപിരിക്കുന്നതിന്റെ നിയാമക തത്വങ്ങൾ മുകളിൽ പറഞ്ഞവതന്നെയാകണം. എന്നാൽ ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന തരത്തിലുള്ള വിഭജനത്തിന് അടിസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമാണങ്ങൾ ഇവയല്ല.

## 2. 'പ്രീഡിഗ്രി വിഘടനം' ഘട്ടംഘട്ടമായി മാത്രം നടത്തുക

1. അക്കാദമിക നിലവാരം ഉയർത്തുന്നതിന് പ്രാഥമികമായി ഉണ്ടാകേണ്ടത് വിദ്യാഭ്യാസ രംഗത്തിന്റെ പുനഃസംഘടനയല്ലെന്ന് ദേശിയ വിദ്യാഭ്യാസകമ്മിഷൻ വ്യക്തമാക്കുന്നുണ്ട്. ഏതെങ്കിലും ഘട്ടത്തിൽ പുന:സംഘടന നടത്തുകയാണെങ്കിൽ അതു ഘട്ടംഘട്ടമായി വിദ്യഭ്യാസ രംഗത്തെ ആകെ അരാജകത്വത്തിലേക്ക് തള്ളിവിടാത്ത വിധത്തിലായിരിക്കണമെന്നും, പ്രസ്തുത കമ്മീഷൻ നിഷ്കർഷിക്കുന്നുണ്ട്. പ്രീഡിഗ്രി വിദ്യാഭ്യാസം സ്കൂളിലേക്കു മാററുക, കോഴ്സുകളുടെ ദൈർഘ്യം വർദ്ധിപ്പിക്കുക എന്നീ രണ്ടുവശങ്ങളടങ്ങിയ വിദ്യാഭ്യാസ ക്രമത്തിന്റെ പുന:സംഘടനയ്ക്ക് ദേശീയ വിദ്യാഭ്യാസ കമ്മീഷൻനിർദ്ദേശിച്ച കാലയളവ് 30 വർഷമാണ്. ഒരൊററ ഗവൺമെൻറു ഉത്തരവിലൂടെ ഒററയടിക്ക് നടപ്പാക്കേണ്ട കാര്യമല്ല അത്. എന്നാൽ ഇവിടത്തെ നീക്കം ഇതിനു വിപരീതമാണ് നിർദ്ദിഷ്ട സർവകലാശാല ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നതിപ്രകാരമാണ് 'സംസ്ഥാനത്തു ഹയർ സെക്കൻഡറിയോ പ്രീഡിഗ്രിയോതലത്തിലുള്ള വിദ്യാഭ്യാസം നിയന്ത്രിക്കുന്നതിന് ഗവൺമെൻറ് ഗസററ് വിജ്ഞാപനം വഴി അതിൽ നിർദ്ദേശിച്ചിട്ടുളള തീയതിമുതൽ ...... ഒരു നിയമം സ്ഥാപിക്കേണ്ടതാണ്..........സർവ്വകലാശാലകൾ നടത്തുന്ന നിലവിലുള്ള പ്രീഡിഗ്രി കോഴ്സുകളുടെ നിയന്ത്രണം, ബോർഡു നിലവിൽ വരുന്ന തീയതി മുതൽ ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നതാണ്'' അദ്ധ്യായം x 55: 1-3.

ഉടനടി, ഒററയടിക്ക് പ്രീഡിഗ്രി വിദ്യാഭ്യാസം സർവ്വകലാശാലകളിൽ നിന്നും വിഘടിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന്, ഇതുകൊണ്ട് സ്പഷ്ടമാണ്. ഇത് അക്കാദമിക് നിലവാരം ഉയർത്തുകയോ കാര്യക്ഷമതവർദ്ധിപ്പിക്കുകയോ ചെയ്യുകയില്ല.

2. ഒരു 10 വർഷക്കാലഘട്ടം നിശ്ചയിച്ച്, അതിനുള്ളിൽ പ്രീഡിഗ്രി, ഹയർ സെക്കൻററി, വൊക്കേഷണൽ ഹയർസെക്കൻററി വിദ്യാഭ്യാസം,സ്കൂളിന്റെ ഭാഗമായ ഒരു പൊതുഘടനയുടെ കീഴിൽകൊണ്ടു വരാനാണു സർക്കാർ തയ്യാറാകേണ്ടത്. ഈ പത്തുവർഷം കൊണ്ട് കാര്യക്ഷമമായ ഒരു ആസൂത്രണ നിയന്ത്രണ സംവിധാനം ഹയർസെക്കൻററി ഘട്ടത്തിനു വേണ്ടി സ്ക്കൂളുകളോടനുബന്ധിച്ചു രൂപപ്പെടുത്തിയെടുക്കണം. അങ്ങനെ ചിട്ടപ്പെടുത്തിയെടുത്ത ഒരു സംവിധാനത്തിനുമാത്രമേ അരാജകാവസ്ഥ സൃഷ്ടിക്കാതെ കോളജുകളിൽനിന്നും വേർപ്പെടുത്തപ്പെട്ട പ്രീഡിഗ്രി വിദ്യാഭ്യാസത്തെ ഒന്നാകെ സ്വീകരിക്കാനാവുകയുള്ളു.അതുവരെ പ്രീഡിഗ്രിവിദ്യാഭ്യാസം എല്ലാ അർത്ഥത്തിലും സർവകലാശാലകളിൽ തുടരണം. അതേ സമയംതന്നെ, പ്രൈവററ് രജിസ്ട്രേഷൻ വിദ്യാർത്ഥികളുടെ പരിക്ഷയുടെ ചുമതല ഈ സംവിധാനത്തിനു കൈമാറാം. അതോടെ സർവ്വകലാശാലകളുടെ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട ഒട്ടേറെ പ്രശ്നങ്ങൾ പരിഹൃതമാകും. പരീക്ഷയെഴുതുന്നവരുടെ ആകെ എണ്ണവും കോളേജദ്ധ്യാപകരുടെ എണ്ണവും തമ്മിലുള്ള അശാസ്ത്രീയമായ അനുപാതമാണല്ലോ മൂല്യനിർണ്ണയത്തിലെ താമസത്തിനും മററുചില പ്രശ്നങ്ങൾക്കുമുളള പ്രധാനകാരണങ്ങളിലൊന്ന്. സർവ്വകലാശാലാ ഓഫീസ് സംവിധാനം കാര്യക്ഷമമാക്കാൻ ഇതവസരം സൃഷ്ടിക്കും.

## 3 അക്കാദമിക നിലവാരമുയർത്തുന്നതിന് ഒരു ഒററമൂലിയല്ല 'പ്രീഡിഗ്രിവിഘടനം' ആവശ്യം ശാസ്ത്രീയമായ ആസൂത്രണവും സമഗ്രമായൊരു പദ്ധതിയുമാണ്.

പ്രീഡിഗ്രി വിഭജനമെന്ന ധൃതിപിടിച്ച ഈ നടപടികൊണ്ട് ഉദ്ദേശിക്കുന്നതെന്താണെന്ന് ഗവൺമെൻറ് വ്യക്തമായിപ്പറഞ്ഞേ മതിയാകൂ. വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുകയാണ് ലക്ഷ്യമെന്ന് സാമാന്യേന പറഞ്ഞാൽപ്പോരം. ഏത് തലത്തിലുള്ള വിദ്യാഭ്യാസത്തിൻെറ നിലവാരം മെച്ചപ്പെടുത്തുകയാണ് ഈ നടപടിയുടെ ഉദ്ദേശ്യം? അതിനുള്ള പരിപാടികരം എന്തെല്ലാമാണ്? വിഭവസമാഹരണം എങ്ങനെ നടത്തും? എത്രനാരം നീണ്ടു നില്ക്കുന്നതാണ് ഈ പരിപാടി? ഈ ചോദ്യങ്ങരംക്കുള്ള ഉത്തരങ്ങരം നല്കാൻ ഗവൺമെൻറു ബാദ്ധ്യസ്ഥമാണ്.

2 പ്രീഡിഗ്രി വിഘടിപ്പിക്കൽ' എന്ന പദപ്രയോഗം തന്നെ ബിരുദ, ബിരുദാനന്തര രംഗത്താണ് ഊന്നൽ എന്ന് സൂചിപ്പിക്കുന്നു. പ്രീഡിഗ്രി വിദ്യാർത്ഥികളുടെ കോളേജുകളിലുള്ള സാന്നിദ്ധ്യമാണ് നിലവാരത്തകർച്ചയ്ക്ക് കാരണമെന്നാണല്ലോ വിവക്ഷ. വിഘടിപ്പിക്കപ്പെടുന്ന പ്രീഡിഗ്രി വിദ്യാഭ്യാസത്തിൻെറ അവസ്ഥയെന്തായിരിക്കും?

3 ഇന്ന് കോളേജുകളിലും ഹയർസെക്കൻററി സ്ക്കൂളുകളിലും വൊക്കേഷണൽ ഹയർ സെക്കൻററി സ്ക്കൂളുകളിലും +2 വിദ്യാഭ്യാസം നടക്കുന്നുണ്ട്. കോളേജുകളിൽ നടക്കുന്ന പ്രീഡിഗ്രി വിദ്യാഭ്യാസമാണ് ഇവയിൽ താരതമ്യേന ഭേദപ്പെട്ടത്. കാരണം മെച്ചപ്പെട്ട ലൈബ്രറികളും ലബോറട്ടറികളും അവിടെയുണ്ട്. കൂടുതൽ പരിചയസമ്പന്നരായ അദ്ധ്യാപകരുടെ ക്ളാസുകളും ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികളുമായുള്ള സമ്പർക്കവും വിദ്യാർത്ഥികരംക്ക് അവിടെലഭിക്കുന്നു. ഈ അവസരങ്ങരം 'വിഘടിപ്പിക്ക'ലിലൂടെ അവർക്ക് നഷ്ടപ്പെടും. ഇതുകൊണ്ടുണ്ടാകുന്ന നിലവാരത്തകർച്ച ഒഴിവാക്കണമെങ്കിൽ സ്ക്കൂളിലുള്ള +2 ഘട്ടം സൗകര്യങ്ങളുടേയും അദ്ധ്യാപകരുടേയും കാര്യത്തിൽ സുസജ്ജീകരിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് സ്ക്കൂളുകളിൽ സുസജ്ജീകൃത +2 വിഭാഗം ആസൂത്രിതമായി വളർത്തിയെടുക്കുകയെന്നതാണ് പ്രാഥമികമായി നടത്തേണ്ടത്.

4. പ്രീഡിഗ്രി വിദ്യാർത്ഥികളെയാകെ സ്ക്കൂളുകളിലേക്കു മാററുമ്പോഴേക്കും. 8,000 ക്ളാസുമുറികരം കൂടുതലായി ഉണ്ടാകണം. ആനുപാതികമായി ലൈബ്രറികളും, ആധുനിക ലബോറട്ടറികളും വേണം. ഇതിനുമാത്രം ചുരുങ്ങിയത് 100 കോടി രൂപ ആവശ്യമായിവരും. മററൊരുതരം ചെലവും ഉണ്ടാകും. പ്രീഡിഗ്രി പ്രായത്തിലുള്ള വിദ്യാർത്ഥികരം സ്ക്കൂളുകളിലേതു പോലെയുള്ള വ്യക്തി ശ്രദ്ധ കൂടുതൽ പതിയുന്നതരം വിദ്യാഭ്യാസത്തിന് വിധേയമാക്കപ്പെടണമെന്നതുകൊണ്ടാണല്ലോ അവരെ കോളേജുകളിൽ നിന്നും സ്ക്കൂളുകളിലേക്കു മാററുന്നത്. അതുകൊണ്ട്, ഇപ്പോരം 90 ഉം 100 ഉം വിദ്യാർത്ഥികളുമായി നടക്കുന്ന ക്ളാസുകരം വിഭജിച്ച് 40 വിദ്യാർത്ഥികളുടെ ക്ളാസുകളായി മാററണം. എങ്കിലേ വിഭജനത്തിൽ ഏററവും പ്രധാനപ്പെട്ട ഒരു ഉദ്ദേശ്യം നിറവേററാനാവൂ. പക്ഷേ, ഇതിനുവേണ്ട 'തുടർച്ചെലവ്' ഭീമമാണ്. നേരത്തെ സൂചിപ്പിച്ച 100 കോടിരൂപക്കൊപ്പം, രണ്ടോ മൂന്നോ വർഷത്തിനുള്ളിൽ ഈ വലിയ തുകകൂടി ചെലവഴിക്കാൻ സാമ്പത്തിക ഞെരുക്കം കൊണ്ടു നെട്ടോട്ടം നടത്തുന്ന സർക്കാരിനാവില്ല. അത് നിലവാരപരമായ പ്രതിസന്ധി ക്കിടയാക്കും.

5 മൂലധനച്ചെലവ് എന്ന നിലയിൽ 100 കോടിരൂപയും തുടർച്ചെലവ് എന്ന നിലയിൽ നിസാരമല്ലാത്ത മററൊരു സംഖ്യയും ചെലവഴിക്കാൻ സർക്കാരിനു സാദ്ധ്യമല്ലായെന്നു വരുമ്പോരം ഈ മേഖല സ്വകാര്യനിക്ഷേപകർക്ക് വിട്ടുകൊടുക്കാൻ നിർബന്ധിതമാകും. അവർക്ക് വാണിജ്യതത്വങ്ങളുടെ അടിസ്ഥാനത്തിലല്ലേ ഹയർസെക്കൻററി വിദ്യാഭ്യാസം നടത്താനാവൂ. ഇതു പ്രീഡിഗ്രി വിദ്യാഭ്യാസം സൗജന്യമാക്കി, സമൂഹത്തിലെ എല്ലാ വിഭാഗങ്ങരംക്കുമായി തുറന്നുകൊടുത്ത നടപടിയിലൂടെയും മററും കേരളത്തിൽ നേടിയെടുത്ത വിദ്യാഭ്യാസരംഗത്തിൻെറ സാമൂഹികവൽക്കരണത്തെ തകർക്കും. കേരളത്തിലെ വിദ്യാഭ്യാസരംഗം വാണിജ്യതാല്പര്യങ്ങരംക്ക് കു

രെക്കൂടെ വിധേയപ്പെടുത്തപ്പെടുകയും ചെയ്യും. ഒപ്പം പരിഗണനീയമായ മററൊരുകാര്യവും ഉണ്ട്. പല സ്വകാര്യകോളേജുകളിലും സ്കൂളുകളിലും ഇന്നും മിനിമം സൗകര്യങ്ങൾപോലുമില്ല. അതുകൊണ്ട് +2 ആരംഭിക്കുന്ന സ്ഥാപനങ്ങളിലെല്ലാം സുസജ്ജീകൃത ലബോറട്ടറികൾ, ലൈബ്രറികൾ, ക്ലാസ്സുമുറികൾ ഉണ്ടാകുമെന്ന് വ്യാമോഹിക്കുകവയ്യ. അതുകൊണ്ട് +2 വിഭാഗത്തിൽ സ്വാഭാവികമായി വിദ്യാഭ്യാസ നിലവാരം ഉയർന്നുകൊള്ളുമെന്ന് വിചാരിക്കാനും നിവൃത്തിയില്ല.

6 ബിരുദ, ബിരുദാനന്തര വിദ്യാഭ്യാസം നടത്തുന്ന കോളേജുകളിൽ ഈ 'വിഘടനം' എന്തുമാററമുണ്ടാക്കുമെന്നതും പരിശോധനയർഹിക്കുന്നു. പ്രീഡിഗ്രി വിദ്യാഭ്യാസത്തിന്റെ വേർപ്പെടുത്തൽ കൊണ്ടുമാത്രം യാന്ത്രികമായി അവിടെ അക്കാദമിക നിലവാരം ഉയരുകയില്ല. ലൈബ്രറി, ലബോറട്ടറി തുടങ്ങിയവയുടെ അപര്യാപ്തത, ഭാഷാക്ലാസുകളിലും മററുമുള്ള അദ്ധ്യാപക—വിദ്യാർത്ഥി അനുപാതത്തിലുള്ള അശാസ്ത്രീയത, തുടങ്ങിയവയാണ് അദ്ധ്യയന നിലവാരത്തെ പിടിച്ചുതാഴ്ത്തുന്ന പ്രധാന പ്രശ്നങ്ങൾ. ഇക്കാര്യങ്ങൾ മെച്ചപ്പെടുത്തുവാൻ കോളേജ് മാനേജ്മെൻറുകളും സർക്കാരും വൻതോതിൽ പണം മുടക്കേണ്ടിവരും. സാമ്പത്തിക ഞെരുക്കത്തിന്റെ സാഹചര്യത്തിൽ അതു സംഭവിക്കുമോ.

7. ബിരുദ, ബിരുദാനന്തര വിഭാഗത്തിലെ വിദ്യാർത്ഥികളെയും അവരുടെ അക്കാദമിക പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിക്കുന്നവിധത്തിലുള്ള പ്രീ ഡിഗ്രി വിദ്യാർത്ഥികളുടെ സാന്നിദ്ധ്യമാകാം കോളേജുകളിലെ പ്രശ്നം. ഘട്ടംഘട്ടമായി പ്രീ ഡിഗ്രി വിദ്യാർത്ഥികളുടെ എണ്ണം കുറച്ചുകൊണ്ടുവരികയും അതേ സമയംതന്നെ കോളേജുകളിലെ പ്രീ ഡിഗ്രി വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ആകെ ഒററയടിക്ക് ഉപയോഗശൂന്യമാക്കാതിരിക്കുകയുമാണ് ഇന്നു വേണ്ടത്. സാവധാനം ദീർഘമായ കാലത്തേക്ക്, ഒരു പത്തുവർഷമെങ്കിലും, ഓരോകോളേജിനും സമർത്ഥമായി ഉൾക്കൊള്ളാനാകുന്നയെണ്ണം പ്രീഡിഗ്രി വിദ്യാർത്ഥികളെ കോളേജുകളിൽ നിലനിർത്തുകയെന്നത് പ്രീ ഡിഗ്രി വിദ്യാഭ്യാസത്തിന്റെ നിലവാരം സംരക്ഷിക്കാനും ആവശ്യമാണ്. മിക്ക കോളേജുകളിലും ഒന്നോ രണ്ടോ ബിരുദാനന്തര കോഴ്സുകളേ ഇന്നുള്ളൂ. അതുകൊണ്ട് ഒരു പരിമിതിയെണ്ണം പ്രീ ഡിഗ്രി വിദ്യാർത്ഥികളുടെ സാന്നിദ്ധ്യം ഉയർന്ന അക്കാദമിക പ്രവർത്തനത്തെ തടസ്സപ്പെടുത്തുകയില്ല

8. സ്കൂളിലേക്കുള്ള പ്രീ ഡിഗ്രി വിദ്യാഭ്യാസത്തിന്റെ പറിച്ചു നടീൽ അവിടെ സൃഷ്ടിക്കുന്ന പ്രത്യാഘാതവും കണക്കിലെടുക്കേണ്ടതുണ്ട്

## 4. 'പ്രീ ഡിഗ്രി വിഘടനം' സൃഷ്ടിക്കുന്ന ,അദ്ധ്യാകരുടെയിടയിലെ തരംതിരിവ് (വിഭജനം) കലാലയ അന്തരീക്ഷത്തെ സംഘർഷഭരിതമാക്കും

1. പ്രീ ഡിഗ്രി സർവകലാശാലയിൽ നിന്നും വേർപെടുത്തുമ്പോൾ അധികം വരുന്നത് 48% അദ്ധ്യാപകരാണ്. ബിരുദ ബിരുദാനന്തര കോഴ്സുകളുടെ എണ്ണത്തിലുള്ള കുറവുകൊണ്ട് സ്വകാര്യ കോളേജുകൾ മാത്രമെടുത്താൽ ഇത് 56% വരും. അതുകൊണ്ട് ഭൂരിപക്ഷം സ്വകാര്യ കോളേജ് അദ്ധ്യാപകരെ തരംതാഴ്ത്തുന്നതാണീ നടപടി. വളരെ ഗുരുതരമായ ഒരു പ്രശ്നമാണിത്. ഇങ്ങനെ സർവകലാശാലയിൽ നിന്നും പുറത്താക്കപ്പെടുന്നവർ നിർദ്ദിഷ്ട ബില്ലിലെ പ്രയോഗം കൊണ്ട് ധ്വനിപ്പിക്കുന്ന വിധത്തിലുള്ള 'ജൂനിയർ' അദ്ധ്യാപകരല്ല. 25 വർഷമോ അതിൽ കൂടുതലോ സേവനമനുഷ്ഠിച്ചിട്ടുള്ള, 1964-69 കാലഘട്ടത്തിൽ നിയമിതരായവർ വരെ ഇവരിലുണ്ട്. നേരത്തെ ഫസ്ററ്ഗ്രേഡ് പ്രൊഫസറൻമാരായിരുന്നവരും ഇപ്പോൾ സെലക്ഷൻ ഗ്രേഡ് ലക്ചററൻമാരായിട്ടുള്ളവരും ഇക്കൂട്ടത്തിൽപെടും. ഇവർക്ക് ജോലി നിഷേധിക്കുന്നതോ, ഇവരെ ജോലിയിൽ തരംതാഴ്ത്തുന്നതോ സാമാന്യ നീതിക്ക് ഒട്ടും നിരക്കുന്നതല്ല. അതുകൊണ്ടുതന്നെ ഒരു കാരണവശാലും അനുവദിക്കാനുമാവില്ല. ശമ്പളക്കുറവിന്റെമാത്രം പ്രശ്നമല്ലിത്. കോളേജുകളിലെ അദ്ധ്യാപനത്തിനായി നിയമിക്കപ്പെട്ടിരിക്കുന്നവരെ അതിൽ നിന്നു വിടുതൽ ചെയ്യുന്നതിലടങ്ങിയിരിക്കുന്ന തൊഴിൽപരമായ അന്തസിന്റെ പ്രശ്നവും കണക്കിലെടുക്കേണ്ടതുണ്ട്

2. ഇന്ന് കോളേജുകളിൽ സേവനമനുഷ്ഠിക്കുന്ന അദ്ധ്യാപകരിൽ ഉദ്ദേശം 35 ശതമാനം 1964-69 കാലഘട്ടത്തിൽ നിയമിതരായവരാണ്. അതുകൊണ്ടുതന്നെ അടുത്ത 5 വർഷത്തിനുള്ളിൽ കോളേജുകളിൽ 30-35 ശതമാനം വേക്കൻസികൾ ഉണ്ടാകും. അങ്ങനെ 5 വർഷം കൊണ്ട് ഇപ്പോൾ അധികമുള്ള 48 ശതമാനത്തിൽ മൂന്നിൽ രണ്ടുഭാഗവും യുജിസി സ്കീമിലേക്കു മാററപ്പെടും. ബാക്കിയുള്ള 10-15 ശതമാനം അദ്ധ്യാപകരെ കൂടുതൽ ബിരുദ ബിരുദാനന്തര കോഴ്സുകൾ തുടങ്ങി അടുത്ത 5 വർഷത്തിനുള്ളിൽ യു ജി സി സ്കീമിലേക്കു കൊണ്ടുവരണം. മററു പല വികസ്വര രാഷ്ട്രങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ ബിരുദ, ബിരുദാനന്തര രംഗത്തെ സാന്ദ്രത കുറവാണ്. അതുകൊണ്ട് ആ ഘട്ടങ്ങളിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതു നീതികരിക്കാനാകും. ഈ പ്രക്രിയ 10 വർഷംകൊണ്ട് പൂർത്തീകരിക്കണം. അതുവരെ പ്രീ ഡിഗ്രി അദ്ധ്യാപനത്തിന്റെയും റഗുലർ വിദ്യാർത്ഥികളുടെ പരീക്ഷയുടേയും മൂല്യനിർണ്ണയത്തിന്റെയും ചുമതല സർവകലാശാലകൾക്ക് തന്നെയായിരിക്കണം. അതിനുശേഷവും യുജിസി സ്കീമിൽപ്പെടാതെ പോകുന്നവരെ സൂപ്പർ ന്യൂമററി ആയി എല്ലാ ആനുകൂല്യങ്ങളോടും സംരക്ഷിക്കണം

3. കോളേജുകളിൽ നിന്നും പ്രീ ഡിഗ്രി അപ്രത്യക്ഷമായിവരുന്ന ഇടക്കാല ഘട്ടത്തിൽ പ്രീ ഡിഗ്രി ക്ലാസുകൾക്ക് തികയാതെ വരുന്ന അപൂർവ്വം അദ്ധ്യാപകരെ താത്കാലികമായി നിയമിക്കുന്നതാവശ്യമാണ്.

4. ഇപ്പോഴുണ്ടായിരിക്കുന്ന നിർദ്ദേശങ്ങളിലെ ഒരു പ്രധാനപ്പെട്ട കാര്യം പ്രീ ഡിഗ്രി, ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി ക്ലാസുകളുടെ നിയന്ത്രണത്തിനായി ഒരു ഹയർസെക്കൻഡറി ബോർഡ് രൂപീകരിക്കണമെന്നുള്ളതാണ്. ഇതോടെ ഒരേ കോളേജ് കാമ്പസിൽതന്നെ രണ്ടു നിയന്ത്രണത്തിൻ കീഴിലുള്ള ക്ലാസുകളും രണ്ട് അധികാരത്തിൻകീഴിലുള്ള അദ്ധ്യാപകരും ഉണ്ടാകും. അദ്ധ്യാപകരെ ദൃശ്യമായ വിധത്തിൽ രണ്ടായി തിരിച്ച് കോളേജ് കാമ്പസുകളെയാകെതന്നെ രൂക്ഷമായ സംഘർഷമേഖലകളാക്കുന്ന ഒരു നടപടിയാണിത്. സമാധാനപൂർണ്ണമായ അക്കാദമിക് അന്തരീക്ഷം നഷ്ടപ്പെടുത്തുന്ന ഈ നടപടി ഒരുവിധത്തിലും നീതികരിക്കാനാവില്ല. ഒരേ കാമ്പസിൽത്തന്നെ വിവിധ തട്ടുകളിൽപെട്ട അദ്ധ്യാപകരുള്ള മററുചില സംസ്ഥാനങ്ങളിൽ ഇത്തരമൊരു നടപടി സൃഷ്ടിച്ച സംഘർഷത്തിന്റെ ധാരാളം അനുഭവങ്ങൾ പരക്കെ അറിവുള്ളതാണ്. അതുകൊണ്ട് കോളേജ് കാമ്പസിൽ തന്നെ പ്രീ ഡിഗ്രി ക്ലാസുകൾ തുടരുന്ന ഇടക്കാലത്ത്, പ്രീഡിഗ്രി ക്ലാസുകളുടേയും പരീക്ഷകളുടേയും നിയന്ത്രണം സർവകലാശാലകൾക്ക് തന്നെയാകണം. അദ്ധ്യാപകരുടെ ഇടയിൽ, മജാലി സൗകര്യത്തിന്റെയോ മററോ പേരിൽ താത്ക്കാലികമായിപോലും ഒരു വേർതിരിവും ഉണ്ടാവാൻ പാടില്ല. ഇന്നുള്ള എല്ലാ അദ്ധ്യാപകരും എല്ലാ അർത്ഥത്തിലും സർവകലാശാലാ അദ്ധ്യാപകരായി തുടരുന്നതിനു് തടസമുണ്ടാക്കുന്ന ഏതൊരു നടപടിയും എതിർക്കപ്പെടും.

## 5. നിർദ്ദേശങ്ങൾ

1. 'പ്രീഡിഗ്രിവിഘടനം' എന്ന പദപ്രയോഗത്തിലടങ്ങിയിരിക്കുന്ന വിവക്ഷയിൽ വിദ്യാഭ്യാസരംഗത്തിന്റെ പുന:സംഘടന നടത്താതിരിക്കുക, അക്കാദമിക നിലവാരവും ഭരണപരമായ കാര്യക്ഷമതയും ഉയർത്തത്തക്കവിധത്തിലും പ്രാദേശികമായ സന്തുലിതാവസ്ഥ സംരക്ഷിച്ചുകൊണ്ടും സ്കൂളുകളിൽ ഹയർസെക്കൻൻഡറി ക്ളാസ്സുകൾ ആരംഭിക്കുന്നതിലായിരിക്കണം ഊന്നൽ: തിടുക്കത്തിലുള്ള വിഘടനത്തിലാവരുത്. പര്യാപ്തമായ വിധത്തിലുള്ള + 2 ഘട്ടത്തിന്റെവികസനം, ഗുണത്തിലും, അളവിലും, വൻപിച്ച സാദ്ധ്യതകളിന്റെയും അർത്ഥത്തിന്റെയും കാര്യത്തിൽ-വരുത്തിവയ്ക്കുന്നതാണ്. അതുകൊണ്ട് ഇത് ഘട്ടംഘട്ടമായി മാത്രമേ തടപ്പാക്കാനാവൂ. ഒരു 10 വർഷമെടുത്തുവേണം പൂർത്തിയാക്കാൻ. ഈ ഘട്ടത്തിൽ കോളേജുകളിൽ നിലവിലുള്ളതിൽ കൂടുതൽ പ്രീഡിഗ്രി ബാച്ചുകൾ അനുവദിക്കാതിരിക്കുക:മാറോബാച്ചിലും അധിക വിദ്യാർത്ഥികളെ എടുക്കാതിരിക്കുക.

2. ഈ അവസരം +2 ന്റെ വൊക്കേഷണലൈസേഷന് നടപടികളെടുക്കുക.

3. അദ്ധ്യാപകർ കോളേജുകളിൽനിന്നും റിട്ടയർചെയ്യുന്ന മുറക്ക് കോളേജുകളിൽ പ്രീ

ഡിഗ്രി ബാച്ചുകൾ 'അപ്രത്യക്ഷമാകാൻ' അനുവദിക്കുക. ഇടക്കാലഘട്ടത്തിലേക്ക് താൽക്കാലിക നിയന്ത്രണമേ നടത്താവൂ.

4. യോഗ്യതയേയും ജോലിഭാരത്തേയും സംബന്ധിച്ച് അതാതുകാലത്തെ സർവകലാശാല നിയമങ്ങളനുസരിച്ച് നിയമിതരായ ഇന്നുള്ള കോളേജദ്ധ്യാപകരിലൊരാളെയും ജോലിയിൽനിന്നോ, കോളേജ്തലത്തിൽ പഠിപ്പിക്കുന്നതിൽനിന്നോ, സർവകലാശാലകളുടെ കീഴിൽനിന്നോ പുറത്താക്കുന്ന ഒരു നടപടിയും എടുക്കാതിരിക്കുക. ഹയർ സെക്കൻററി വിദ്യാഭ്യാസം കേരളത്തിൽ പരിപുഷ്ടിപ്പെടുത്തിയെടുക്കുന്നതിനാവശ്യമായ 10 വർഷത്തിനു ശേഷം കോളേജുകളിൽനിന്നും പ്രീഡിഗ്രി ക്ലാസുകൾ അപ്രത്യക്ഷമാകുമ്പോൾ ഏതെങ്കിലും കോളേജിൽ ഏതെങ്കിലും വിഷയത്തിൽ അധ്യാപകർ അധികമാണെങ്കിൽ അവരെ സൂപ്പർന്യൂമററിയായി പരിരക്ഷിക്കുക.

5. കഴിയുന്നത്ര കോളേജുകളിൽ ബിരുദ, ബിരുദാനന്തര കോഴ്സുകൾ ആരംഭിക്കുക, കേരളത്തിലെ ബിരുദ, ബിരുദാനന്തര രംഗത്തെ വിദ്യാർത്ഥികളുടെ ശതമാനം സമാനസ്വഭാവമുള്ള രാജ്യങ്ങളുടേതിനൊപ്പമാക്കുക.

6. കഴിയുന്നതും വേഗത്തിൽ, പ്രൈവറ്റ്രജിസ്ട്രേഷനുള്ള സൗകര്യം ഹയർസെക്കൻഡറിവിഭാഗത്തിലനുവദിക്കയും, പ്രീഡിഗ്രിതലത്തിലുള്ള പ്രൈവററ് വിദ്യാർത്ഥികളുടെ പരീക്ഷാ ചുമതലയിൽനിന്നും സർവകലാശാലകളെ പൂർണ്ണമായി വിമുക്തമാക്കുകയും ചെയ്യുക.

7. പ്രീഡിഗ്രിവിദ്യാഭ്യാസം കോളേജുകളിൽ നിന്നും അപ്രത്യക്ഷമാകുന്നതോടൊപ്പം, ബിരുദ, ബിരുദാനന്തര ഘട്ടങ്ങളിലെ വിദ്യാഭ്യാസ നിലവാരം ഇൻഡ്യയിലെ ഏററവും നല്ല സ്ഥാപനങ്ങളിലേതിനോടൊപ്പമുള്ളതാക്കാൻ പര്യാപ്തമായ സൗകര്യങ്ങളും പദ്ധതികളും നടപ്പിലാക്കുക, അദ്ധ്യാപകരെ നിയന്ത്രിക്കുകയെന്ന ഏകഘട്ടപരിപാടിയിലൂടെ മാത്രം ഇതു സാധിക്കുകയില്ല. സിലബസ് പരിഷ്ക്കരണം, ക്ലാസുകളുടെ പുനഃസംവിധാനം, ലൈബ്രറി-ലബോറട്ടറികളുടെ വൻതോതിലുള്ള ആധുനീകരണം, അക്കാദമികരംഗത്തിൻെറയാകെയുള്ള ജനാധിപത്യവൽക്കരണം, അധ്യയന സംപ്രദായത്തിലുള്ള കാലികമായ മാററം, പരീക്ഷാപരിഷ്ക്കരണം ഇവയൊക്കെ ഉണ്ടാകണം. അതിനുള്ള ഒരു സമഗ്രപരിപാടി ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിൻെറ ഭാഗമായി മാത്രം കോളേജുകളിൽനിന്നും പ്രീഡിഗ്രി അപ്രത്യക്ഷമാകാൻ അനുവദിക്കുക. അക്കാദമികനിലവാരം മെച്ചപ്പെടുത്താൻ സമാന്തരമായി നടക്കേണ്ടുന്ന ഒരു പ്രക്രിയയായി, പ്രീഡിഗ്രി വിഘടനത്തെ കാണുക. 'പ്രീഡിഗ്രി വിഘടനം' ഒരു മുൻ ഉപാധിയാക്കാതിരിക്കുക.

## ഉപസംഹാരം

കേരളത്തിലെ വിദ്യാഭ്യാസരംഗത്തിൻെറ ആകെത്തന്നെയുള്ള സമഗ്രമായ പുനഃസംവിധാനത്തിലേയ്ക്കും നവീകരണത്തിലേയ്ക്കു വഴിനയിക്കുന്ന ഒരു പ്രക്രിയയായി, ഇന്ന് 'പ്രീഡിഗ്രി ഡീലിങ്കിംഗ് എന്ന്' വ്യവഹരിക്കപ്പെടുന്ന പരിമിതകാര്യക്രമത്തെ തിരുത്തിയെഴുതേണ്ടതുണ്ട്. ഈ വിപുലമായ പ്രക്രിയ സഫലമാക്കാൻ വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ വിഭാഗങ്ങളുടെയും വിദ്യാഭ്യാസവിഷയത്തിൽ തൽപര്യമുള്ള എല്ലാ സാമൂഹിക ഘടകങ്ങളുടെയും സമർത്ഥവും സജീവവുമായ പങ്ക് ഉണ്ടാകണം. സർക്കാരിൻെറ ഒരു ഗസററ് പ്രഖ്യാപനത്തിലൂടെമാത്രം അതു സാധിക്കില്ല. അനധ്യാപക അദ്ധ്യാപകരെ നിലയ്ക്കു നിർത്തിയാൽ എല്ലാം സാധിച്ചു കഴിയുമെന്ന് ധരിച്ചുവശംകാനും പാടില്ല. വേണ്ടത്ര ആസൂത്രണത്തോടുകൂടെയും പൊതുജനാഭിപ്രായം സമന്വയിപ്പിച്ചുകൊണ്ടും പര്യാപ്തമായ സാമ്പത്തിക പിൻബലം ഉറപ്പാക്കിയും നടത്തുന്നതും അക്കാദമിക ധർമ്മത്തിന് പരമപ്രാധാന്യം കൽപ്പിക്കുന്നതുമായ ഒരു പ്രക്രിയയായി ഇതിനെ മാററുകയാണിന്നാവശ്യം.

പ്രൊ. കെ. സദാശിവൻ നായർ
ജനറൽ സെക്രട്ടറി
എ കെ പി സി ടി എ

തിരുവനന്തപുരം
4-10-1993

□

എം. എൻ. വിജയൻ

# തൊഴിലാളികളുടെ ശാസ്ത്രബോധം അംഗീകരിക്കണം

തൊഴിലാളികളടക്കമുള്ള സാധാരണ ജനങ്ങൾക്ക് ശാസ്ത്രബോധം ഉണ്ടെന്ന് അംഗീകരിക്കുമ്പോൾ മാത്രമേ അധ്യാപകർക്കും ജനാധിപത്യ ബോധം ഉണ്ടാവൂ എന്ന് പ്രൊഫ: എം എൻ വിജയൻ അഭിപ്രായപ്പെട്ടു.

എ കെ പി സി ടി എ യുടെയും എ കെ ജി സി ടി യുടെയും സംയുക്താഭിമുഖ്യത്തിൽ മലബാർ ക്രിസ്ത്യൻ കോളേജിൽ നടന്ന 'ഉന്നത വിദ്യാഭ്യാസ രംഗത്തിന്റെ ജനാധിപത്യവത്കരണം' എന്ന വിഷയത്തെക്കുറിച്ചുള്ള സെമിനാർ ഉദ്ഘാടനംചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഒരു ശാസ്ത്രജ്ഞൻ ലോകം മുഴുവൻ ചുറ്റി സഞ്ചരിച്ചാലും ഏറ്റവും കൂടുതൽ കാഫലം തരുന്ന തെങ്ങേത് എന്ന് കണ്ടുപിടിക്കാൻ കഴിയില്ല ഇത് അറിയാൻ കഴിയുന്നത് തെങ്ങിന്റെ ചുവട്ടിൽ പണിയെടുക്കുന്ന തൊഴിലാളിക്ക് മാത്രമാണ്.

മൂല്യങ്ങൾ ചോദ്യം ചെയ്യപ്പെടുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ശാസ്ത്രംപോലും ചോദ്യം ചെയ്യപ്പെടുകയാണ്. നമ്മുടെ സർവകലാശാലകളിൽ എന്ത് നടക്കുന്നു എന്ന് ജനങ്ങളറിഞ്ഞാൽ പിന്നെ അവ അവിടെ ഉണ്ടാവില്ല. സർവകലാശാല തന്നെ എന്തിന് എന്ന് ജനങ്ങൾ ചിന്തിക്കുന്നുണ്ട്. ട്യൂട്ടോറിയലിൽ പഠിക്കുന്നവരാണ് ഇപ്പോൾ ജയിക്കുന്നത്. സർവകലാശാലകളിലും കോളേജുകളിലും തോറ്റവരെ ഞങ്ങൾ വിജയിപ്പിക്കും എന്ന് അവർ പറയുന്നു.

വിദ്യാഭ്യാസത്തെക്കുറിച്ച് ആരും ചിന്തിക്കരുത് എന്നുള്ളത് കൊണ്ടാണ് സർവകലാശാലകൾ ജനങ്ങളിൽ നിന്നകലെ സ്ഥാപിച്ചുട്ടുള്ളത്. ജനങ്ങൾ അവയ്ക്ക് തീ കൊളുത്താതിരിക്കാൻ വേണ്ടിയാണിങ്ങനെ ചെയ്തത്. സർവകലാശാലകളെല്ലാം ജനിച്ചപ്പോൾ തന്നെ മരിച്ചുപോവുകയാണുണ്ടായത്

വിദ്യാഭ്യാസ രംഗത്തും മാനേജീരിയൽ വ്യവസ്ഥ നാമറിയാതെ നടപ്പിലായിക്കൊണ്ടിരിക്കയാണ്. സ്വാശ്രയകോളേജിലും ട്രാൻസ്പോർട്ട് പണിമുടക്കിലും നമുക്കതാണ് കാണാൻകഴിയുന്നത്. കടം വാങ്ങിയ വികസനത്തെ നാം സ്വാശ്രയം എന്ന് വിളിക്കുന്നു.

ആനകളെ പിടിച്ച് മെരുക്കുന്ന ഒരുകൂട്ടം ആനകളാണ് നമ്മുടെ നാട്ടിലെ അധ്യാപകർ. അധ്യാപകന്റെ ചുമതല ജീവിത സിദ്ധാന്തങ്ങളുണ്ടാക്കുകയല്ല: മറിച്ച് വ്യവസ്ഥയെ നിലനിർത്താനുള്ള ആശയങ്ങൾ ക്ലാസ്മുറികളിൽ വിതരണം ചെയ്യുകയാണ്. ക്ലാസിനുപുറത്തെ ഉൽപ്പന്നത്തെ ക്ലാസിനകത്തെത്തിക്കുക. ഇത് എല്ലാകാലത്തും ഇങ്ങനെയായിരുന്നു ഏതൻസ് യുദ്ധത്തിൽ തോറ്റ സമയത്ത് പ്ലേറ്റോ പറഞ്ഞത് ക്ലാസ്മുറികളിൽ പ്രണയഗീതമല്ല പടപ്പാട്ടു പഠിപ്പിക്കണം എന്നാണ്. പ്രചാരണായുധമായി ഇന്നത്തെ വ്യവസ്ഥ അധ്യാപകനെ ഉപയോഗിക്കുന്നു. ഇത് ചോദ്യം ചെയ്യപ്പെടേണ്ടതാണ്. ഈ വ്യവസ്ഥ ശരിയല്ല എന്ന് ചിന്തിക്കുന്ന ആൾക്ക് മാത്രമേ ഇത് ചെയ്യാൻ കഴിയൂ വ്യവസ്ഥയിൽ നിന്ന് പുറത്തുകടന്ന് വ്യവസ്ഥയെ എതിർക്കാൻ കഴിയില്ല. അകത്ത് നിന്ന് തന്നെ എതിർക്കണം.

ഒരു ഉപഭോക്തൃ സമൂഹത്തിലാണ് നാം ജീവിക്കുന്നത്. സാധനങ്ങൾ മാത്രമല്ല ആശയങ്ങളും ഇറക്കുമതി ചെയ്യുന്ന കേരളത്തിലെ വിദ്യാഭ്യാസം ഉൽപ്പാദകരല്ല. പുനരുൽപ്പാദകമായിത്തീരുകയാണ്. അധ്യാപകൻ മറ്റൊരധ്യാപകനെ പ്രസവിക്കുന്ന രീതിയാണിന്നുള്ളത്.

ചിലയാളുകൾക്ക് ഇതൊന്നും ചിന്തിക്കാൻ നേരമില്ല. അവർ അന്താരാഷ്ട്ര വിമാനത്താവളം വേണം എന്നാണ് പറയുന്നത് ഏറ്റവും ബഹുമാന്യനായ വ്യക്തി കേരളത്തിന് പുറത്തുള്ള കേരളീയനാണെന്ന് വരുത്തി തീർക്കുകയാണ് ഇവർ ചെയ്യുന്നത്.

(ശേഷം അടുത്ത പേജിൽ)

## കോളേജദ്ധ്യാപക പ്രശ്നങ്ങൾ പരിഹരിക്കുക

# കൂട്ട ഉപവാസം

കോളേജദ്ധ്യാപകരുടെ പ്രശ്നങ്ങൾക്ക് അടിയന്തിരപരിഹാരം ഉണ്ടാക്കണമെന്നാവശ്യപ്പെട്ട് എ കെ പി സി ടി എ ഒക്ടോബർ 30ന് സെക്രട്ടേറിയററു പടിക്കൽ കൂട്ട ഉപവാസം നടത്തി. വി. ജെ. ടി. ഹാളിനുമുന്നിൽനിന്നും പ്രകടനമായെത്തിയാണ് ഉപവാസമാരംഭിച്ചത്. പ്രതിപക്ഷനേതാവ് സ. വി. എസ്. അച്ചുതാനന്ദൻ ഉപവാസ, ഉദ്ഘാടനം ചെയ്തു

പ്രീഡിഗ്രി വേർപെടുത്തലിന്റെ പേരിൽ കോളേജധ്യാപകരെ തരംതാഴ്ത്താതിരിക്കുക, വർക്ക് ലോഡ്സംബന്ധമായി സർക്കാർ ഇറക്കിയിട്ടുള്ള ഉത്തരവ് പിൻവലിക്കുക, ഫിസിക്കൽ എഡ്യുക്കേഷൻ അധ്യാപകർക്ക് യു. ജി. സി സ്കീമിന്റെ ആനുകൂല്യങ്ങൾ അനുവദിക്കുക, വി. എഫ്. ക്രഡിററ് കാർഡ് അനുവദിക്കുക. ലീവ് വേക്കൻസിയിൽ നിയമിതരായ അധ്യാപകർക്ക് യു. ജി. സി. ശമ്പളം നൽകുക തുടങ്ങിയ ആവശ്യങ്ങൾ മുൻനിർത്തിയായിരുന്നു ഉപവാസം

പ്രൊഫഷണൽ വിദ്യാഭ്യാസരംഗവും വിദ്യാഭ്യാസ കച്ചവടക്കാർക്ക് അടിയറവയ്ക്കാനുള്ള കേരളസർക്കാരിന്റെ ശ്രമം അപലപനീയമാണെന്ന് ഉപവാസം ഉദ്ഘാടനംചെയ്തുകൊണ്ട് പ്രതിപക്ഷനേതാവ് പറഞ്ഞു സർക്കാർ ഖജനാവിൽനിന്നും ശമ്പളവും മെയിൻറനൻസ് ഗ്രാൻറും സ്വീകരിച്ച് പ്രവർത്തിക്കുന്ന കേരളത്തിലെ രണ്ട് എഞ്ചിനീയറിംഗ് കോളേജുകൾ ന്യൂനപക്ഷസ്ഥാപനങ്ങളാണെന്ന് ഉന്നതനീതിപീഠത്തെ തെററിദ്ധരിപ്പിക്കുകയാണ് സർക്കാർ ചെയ്തത്. മനേജുമെൻറുകളുടെ താൽപര്യം സംരക്ഷിക്കുന്ന അഭിഭാഷകരെയാണ് സുപ്രീംകോടതിയിൽ കേസു വാദിക്കാൻ ചുമതലപ്പെടുത്തിയത്. സർക്കാരിന്റെ ഈ നടപടിക്കെതിരെ അതിശക്തമായ പ്രതിഷേധം അധ്യാപകരിൽനിന്നുണ്ടാകണമെന്ന് വി. എസ്. പറഞ്ഞു. കോളേജധ്യാപകപ്രശ്നങ്ങൾ സർക്കാരും സംഘടനയുംതമ്മിൽ പലവട്ടം ചർച്ച ചെയ്തിട്ടും പരിഹരിക്കപ്പെടാതെ കിടക്കുന്നത് പ്രതിഷേധാർഹമാണ്. കൂട്ടഉപവാസം പോലുള്ള ഗാന്ധിയൻ സമരമുറകളിലൂടെ മാത്രം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമെന്ന കരുതരുത്. കോളേജധ്യാപകരുടെ ന്യായമായ ആവശ്യങ്ങൾ പരിഹരിക്കാൻ സർക്കാർ തയ്യാറാകണമെന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞു

എ കെ പി സി ടി എ പ്രസിഡൻറ് പ്രൊഫ. വി നാരായണൻകുട്ടി, ജനറൽ സെക്രട്ടറി പ്രൊഫ. കെ. സദാശിവൻ നായർ തുടങ്ങിയവരും സംസാരിച്ചു. നിരവധി സംഘടനകൾ പ്രകടനമായെത്തി അഭിവാദ്യമർപ്പിച്ചു.

---

നാട്ടിലെ മൂല്യബോധം ശരിയാണോ എന്നാണ് അധ്യാപകർ ചോദിക്കേണ്ടത്. എന്ത് ചെയ്യുമ്പോഴും ജനങ്ങളിലുന്നുന്ന സമീപനത്തിന് മാത്രമെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയൂ-വിജയൻമാസ്ററർ പറഞ്ഞു.

വിദ്യാഭ്യാസത്തിന്റെ ദിശ നിർണയിക്കുന്നതിൽ അധ്യാപകർ പ്രധാന പങ്കുവഹിക്കണമെന്ന് സി പി നാരായണൻ പറഞ്ഞു സർവകലാശാലകളിൽ രാഷ്ട്രീയം പാടില്ല എന്ന ജനവിരുദ്ധ രാഷ്ട്രീയമാണ് ഉന്നത വിദ്യാഭ്യാസ രംഗത്തെ ജനാധിപത്യവത്ക്കരണം തലകീഴായി നിൽക്കുന്ന ഒരു സമൂഹമാണ് നമ്മുടേത്. സങ്കുചിത രാഷ്ട്രീയക്കാരും മതമേധാവികളും ചേർന്ന് ജനാധിപത്യവിരുദ്ധമായ രീതിയിൽ ഉന്നത വിദ്യാഭ്യാസരംഗം കൈകാര്യം ചെയ്യുന്ന വിദ്യാർഥികളുടെ യോഗ്യതയല്ല. പ്രവേശനം നിർണയിക്കുന്നത് സ്വാശ്രയ കോളേജ് വരുമ്പോൾ പണമാണ് യോഗ്യതയുടെ അടിസ്ഥാനം നിർണയിക്കുക. അധ്യാപകർ അടക്കമുള്ളവരുടെ മുന്നേററം കൊണ്ട് മാത്രമെ ഈ നയം തിരുത്തിക്കാൻ കഴിയൂ -സി പി പറഞ്ഞു.

ഡോ.ഐ ജി ഭാസ്ക്കരപ്പണിക്കർ മോഡറേററായിരുന്നു മദൻവർക്കി ആമുഖപ്രഭാഷണം നടത്തി. ടി വി ബാലൻ, കെ എൻ ഗണേഷ്, പ്രൊഫ. വി നാരായണൻകുട്ടി എന്നിവർ സംസാരിച്ചു. ജെ പ്രസാദ് സ്വാഗതവും വി രാജഗോപാലൻ നന്ദിയും പറഞ്ഞു

# INCOME TAX CALCULATION

## Financial year 1993–94 Assessement year 1994-95

I Rate of Income Tax.

1. Total Income upto 30,000 - Nill
2. From 30,001 to 50,000 - 20% of the amount exceeding 30,000
3. From 50,001 to 100,000 - Rs. 4000 + 30% of the amount exceeding 50,000
4. Above 100,000 - Rs. 19000 + 40% of the amount exceeding 100,000

Surcharge on Income Tax : 12% of Income tax where taxable income exceeds Rs. 100,000.

II 'Salary' includes Basic Pay, DA, Bonus, Special Festival Allowances, C.C.A., HRA, Risk Allowance etc., fees, commissions perquisites, profits in lieu of, or, in addition to salary, advance of salary annuity or pension, gratuity, surrender leave salary while in service.

III Exemptions / Deductions in computing total income.

(i) Value of Leave Travel Concession and Traval Concession at the time of retirement can be deducted from total income.

(ii) Death-cum-retirement gratuity is exempted.

(iii) Any payment in commutation of pension is exempted.

(iv) Surrender leave salary at the time of retirement subject to a maximum of 8 month's salary is exempted. Presently the amount limit is Rs. 79,920.

(v) House Rent Allowance can be deducted from total income. The quantum of exemption allowed is the least of the following:

a. The actual amonnt of HRA received.

b. The actual expenditure incurred in payment of rent in excess of 1/10 of the salary due for the year.

c. 40% of the salary due for the year For this purpose "salary" includes basic pay and DA, but excludes all otherallowances and perquisites. The HRA granted to an employees who is residing in a hou se/flat owned by him is not exempted from income tax Employees who are drawing HRA upto Rs. 600 need not present rentreceipt to the treasury officer. But rent reeeipt should be produced at the time of filing the income tax returns.

(vi) The following allowances are exempted.

a. Travelling Allawances including Daily Allowance.

b. Special Compensatory Allowance such as border area allowance, remote area allowaces, difticult area allowance, disturbed area allowance.

c. Tribal area allowance.

d. Any special compensatory allowance in the nature of Comosite Hill Compensatory allowance or High Aititude Allowance.

e. Any allowance granted for encouraging academic research and any other professional pursuit and uniform allowance.

Please note : D A. and C. C. A. are not exempted.

(vii) Standard deduction : 33 1/3 percent of salary subject to a maximum of Rs. 15,000 and Rs. 18,000 in the case of women employees whose total income before making standard deduction does not exceed Rs. 75000. For the purpose salary does not include H.R.A.

(viii) Tax on employment or professional tax can be deducted from the income.

(ix) Reimbursement of the amount spent in obtaining medical treatment for the employee or any member of his family subject to a maximum of Rs. 10,000 is exempted

(x) 'Mediclaim' insurances not exceeding Rs. 6000 per year can be deductep from the total income.

(xi) A deduction of Rs. 15 000 should be allowed in the case of employees who incur expenditure on the medical treatment• training and rehabilitation of a permanently physically or mentally disabled dependant relative. The claim for deduction should be supported by a medcal certificate from the concerned specialist in a Government Hospital.

(xii) Uuder Section 80 U a sum of Rs. 20 000 can be deducted from total income of an employee who is suffering from a permanent physical disability (including blindness) or mental retardation. This claim also should be supported by a medical certificate from the concerned specialist in a Govt. Hospital.

(xiii) Donations made for charitable purposes should not be deducted by drawing and disbursing officer (DDO), but can be claimed at the time o filing the returns.

(xiv) The interest payable during the year under consideration for the Housef Building Advance can be deducted from total income subject to maximum of Rs. 5000 per year. If the order in this regard is obtained in advance from the Income Tax Officer the dedu tion can be made while deducting tax at source. If the order could not be obtained the deduction can be made at the time of filing the income tax returns and refund can be claimed.

## TAX REBATE

Under section 88 tax rebate can be claimed for the following items:

(i) Life Insurance Premium (It may be noted that only premium or other payment made on a policy as is not in excess of 10% of sum assured, will alone qualify for rebate)

(ii) Premium to family benefit scheme.

(iii) Subscription to any Provident Fund.

(vi) Subscription to a recognised Provident Fund.

(v) Payment to an approved superannuation fund. Repayments of loans from the above funds are not allowed a tax rebate.

(vi) Any deposit in a ten / fifteen years account under Post Office Savings Bank Cummulative Time Deposit) Rules 1959.

(vii) Deposits to any savings certificates for tax rebate. Interest on NSC (VII issue) and NSC (VIII issue) which is deemed investment also qualififies for tax rebate.

(viii) Payment to any security of the Central Government or any such deposit scheme as Central Government may by notifications in the Official Gaztte specify in this behalf.

(ix) Any sum paid as contribution to ULIP 1971 of UTI or to ULIP of LIC Mutual Fund.

(x) Any subscription not exeeding Rs. 10,000 made to any units of any Mutual Fund notified under section 10, or, of the U.T.I.

(xi) Any contribution made by individul to any pension fund set up by any mutua fund notified in the gazatte.

(xii) Any subscription made to such deposit scheme of, or, any contribution made to any such pension fund set up by the National Housing Bank as notified by the Central Government.

(xiii) Any subscription made to any such deposit scheme floated by(a) public sector companies engaged inproviding long term finance for construction or purchase of houses in India for residental purpose, or, (b) any authority constituted in India by, or, under any law, enacted for the purpose of dealing with, and satisfying housing necessities.

(xiv) Repayments of House Building Advance or loans borrowed by the employee from any Bank or LIC National Housing Bank or certain other catagories of institutions engaged in the business or providing long term finance for construction or purchase of housesin Inhia. The amount which will qualify for tax rebate in respect of this item will not exeed Rs. 10,000.

## EXAMPLE — 1

| | | | |
|---|---|---|---|
| 1. | Gross salary Income (including allowances) | | 91040 - 00 |
| 2. | Professional Tax | | 600 - 00 |
| 3. | Contrtbution to P.F. (Including D.A. Arrears credited to PF Account) | 25092 - 00 | |
| 4. | Deposits under notified scheme (eg: NSS, NSC, ......etc,) contribution to FBS, GIS. | 8000 - 00 | |
| 5. | Payment towards LIC premium | 1288 - 20 | 45580 -20 |
| 6. | Deposit in a 10 year or 15 year CTD (Post Office Saving Bank) | 1200 - 00 | |
| 7. | Repayment of Housiug Loan | 10000 - 00 | |

computation

| | | |
|---|---|---|
| 1. | Gross salary Income | 91040 - 00 |
| 2. | Professionel Tax | (—) 600 - 00 |
| 3. | Standard Deduction | (—) 15000 - 00 |

| | | |
|---|---|---|
| 4. Total Income(1-2-3) | | 75440 - 00 |
| 5. Tax on total Income (Rs. 4000 + 30% of the amount in excess of 50,000/- ie 4000 + 7812) | | 11632 - 00 |
| 6. Rebate on savings etc under section 88 (a) 20% of 45580) | | 9116 - 00 |
| 7. Tax payable (5-6) | | 2516 - 00 |

## EXAMPLE II

| | Rs. | Rs. |
|---|---|---|
| 1. Total Salary (excluding HRA) | | 900,00 |
| 2. H R.A. | | 2400 |
| 3. Subscription to Units of Mutual fund | 12000 | |
| 4. Contribution to PF, Payment of LIC Premium, FBS, GIS | 35000 | |
| 5. Actual Rent paid | 18000 | |
| 6. Professionel Tax | | 60 0 |


### Computation of Total Income

| | | | |
|---|---|---|---|
| 1. Salary | | | 90000 |
| 2. H R.A. Received | | | 2400 |
| 3. Gross salary income | | | 92400 |
| 4. Less Allowances u/s 10 (13A) | | | |
| (a) Actual amount of HRA received ie Rs. 2400 - or | | | |
| (b) Expenditure on rent in excess of 10% of Salary (ig Rs 18000—9000) ie Rs 9000/— | | | |
| c 40% of Salary ie Rs 36000/— whichever it the least | | | (—)2400-00 |
| (a) is exempt | | | 90000-00 |
| 5 Less standard deduction | | | (—)15000-00 |
| 6 Less professionel Tax | | | (—)600-00 |
| (6) Total income | | | 74400-00 |
| 7 Tax on Total income (Rs 4000/+ 30% of Rs 25000/) | | | 11320-00 |
| 8 Tax rebate | | | |
| (i) mutual fund (limited to Rs. 10000/— | 10000 | 45000 | 9000-00 |
| (ii) Contributaion to PF, LIC GIS FBS, | 35000 | | |
| 9 Tax payable (7—8) | | | 2320-00 |

## Example III

(In the case of women Employees)

| | Rs | Rs |
|---|---|---|
| 1 Total salary | | 72400-00 |
| 2 Professional Tax | | 400-00 |
| 3 Deduction eligble for Rebate (PF, LIC, FBS, GIS etc) | | 25,000-00 |



## സുരേന്ദ്രന് ഡോക്ടറേറ്റ്

കോട്ടയ്ക്കൽ ആയുർവേദ കോളേജ് അധ്യാപകൻ ഡോ. ഇ. സുരേന്ദ്രന് ഗുജറാത്ത് ആയുർവേദ യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ടറേറ്റ് ലഭിച്ചു. ആയുർവേദത്തിൽ ഡോക്ടറേറ്റ് ലഭിക്കുന്ന കേരളത്തിലെ രണ്ടാമത്തെ വ്യക്തിയാണ് ഇദ്ദേഹം. എ കെ പ സി ടി എയുടെ സജീവാംഗമാണ് ഡോ. സുരേന്ദ്രൻ.

---

## കേരളവർമ്മ കോളേജിൽ സ്റ്റഡി ഫോറം

നമുക്കു നഷ്ടമായിക്കൊണ്ടിരിക്കുന്ന അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ എ കെ പി സി ടി എ മുൻകൈ എടുത്ത് കേരളവർമ്മ കോളേജിൽ ഒരു സ്റ്റഡിഫോറം രൂപീകരിച്ചു. ഫോറത്തിന്റെ ആദ്യപരിപാടി ഒക്ടോബർ 7ന് നടന്നു. 'ക്യാമ്പസ് സർഗാത്മകമാക്കുന്നതെങ്ങനെ' എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള സെമിനാറിൽ ബിഷപ്പ് പൗലോസ് മാർപൗലോസ് മുഖ്യപ്രഭാഷണം നടത്തി. പ്രിൻസിപ്പൽ അദ്ധ്യക്ഷത വഹിച്ചു. അധ്യാപകരും യൂണിയൻ ചെയർമാനും സംസാരിച്ചു. ഇനിമുതൽ എല്ലാ മാസവും ഈരണ്ടു പരിപാടികൾ സംഘടിപ്പിക്കാനും അതിൽനിന്നും ഉരുത്തിരിഞ്ഞുവരുന്ന നല്ല നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കാനും എ കെ പി സി ടി എ തീരുമാനിച്ചിട്ടുണ്ട്.

---

Computation

| | | |
|---|---|---|
| 1 | Gross salary Income | 72400-00 |
| 2 | Standard Dedaction | (—)18000-00 |
| 3 | Profesional Tax | (—)400-00 |
| 4 | Total Income (1-2-3) | 54000-00 |
| 5 | Tax on total income (4000+1200) | 5200-00 |
| 6 | Rebate on savings (20% 25000-00) | 5000-00 |
| 7 | Tax Payable(5—6) | 200.00 |

* * * *

Note:- The totel Taxable income computed should be rounded off to the nearest multiple of ten rupees The net payable tax should be rounded off to the nearest rupee.

(5-ാം പേജിന്റെ തുടർച്ച)

ക്രട്ടറി സൂചിപ്പിക്കുകയുണ്ടായി. UGC സ്കീമിന്റെ ആനുകൂല്യങ്ങൾ ഏറെക്കുറെ ലഭ്യമായെങ്കിലും സ്വകാര്യ കോളേജ് അദ്ധ്യാപകരുടെ നിലനിൽപുതന്നെ അപകടപ്പെടുത്തുമാറാണ് ഇന്ന് കാര്യങ്ങൾ നീങ്ങികൊണ്ടിരിക്കുന്നത്. പുതിയ സാമ്പത്തിക നയത്തിന്റെ ഭാഗമായി ഗവൺമെന്റിന്റെ അനുബന്ധനയങ്ങൾ പലതും വിദ്യാഭ്യാസരംഗത്ത് പുത്തൻ പ്രതിബന്ധങ്ങൾ ഉയർത്തിവിടുവാൻ പോരുന്നവയാണ്. പ്രീഡിഗ്രി ഡീലിങ്കിംഗിന്റെ പേരും പറഞ്ഞ് അദ്ധ്യപകരെ തരംതാഴ്ത്തുവാനുള്ള ശ്രമങ്ങൾ ഒരുവശത്ത് ഊർജിതമായി നടക്കുമ്പോൾ സ്വകാര്യസ്വാശ്രയ കോളജുകളും ന്യൂനപക്ഷപരിഗണനകളും മറ്റും മറുവശത്ത് പുതിയ ചോദ്യങ്ങൾ ഉയർത്തുകയാണ്. ഈ അപകടങ്ങൾ മണത്തറിയുവാനും അവസരത്തിനൊത്ത് അവയെ ചെറുത്തുനിൽക്കുവാനുമുള്ള കരുത്ത് നേടിയെടുക്കുവാൻവേണ്ടി നാം തീവ്രമായ ശ്രമം നടത്തേണ്ടിയിരിക്കുന്നുവെന്ന് അദ്ദേഹം ഓർമിപ്പിച്ചു.

## ഭരണഘടനാഭേദഗതി

മേൽപറഞ്ഞ ബാദ്ധ്യത ഏറ്റെടുക്കുന്നതിന്റെ മുന്നോടിയായി ബ്രാഞ്ച്-ജില്ലാതലങ്ങളിൽ സംഘടനയെ സജീവമാക്കിയേ മതിയാവൂ. നിലവിലുള്ള ഭരണഘടനയിൽ ഒരുമാറ്റം ഈ രംഗത്ത് അനിവാര്യമായി വന്നിരിക്കുകയാണ്. അതിലേക്കായുള്ള ഒരു ഭേദഗതി നിർദേശത്തിന് പ്രവർത്തക സമിതി രൂപം നൽകിയിട്ടുണ്ട്. അതിന്മേൽ വിശദമായ ചർച്ച പ്രവർത്തക കൺവൻഷനിലുണ്ടാകണമെന്നും സെക്രട്ടറി ആവശ്യപ്പെട്ടു.

സായാഹ്നത്തിൽ സമ്മേളന പ്രതിനിധികൾ പിച്ചിവരം സന്ദർശിച്ചു. രാത്രി 8മണിയോടെ, സമ്മേളനത്തിന്റെ ഏറ്റവും കാതലായ ഇനമായ ഗ്രൂപ്പ് ചർച്ചയിലേക്ക് പ്രവർത്തകർ കടന്നു. സർവകലാശാലാ തലത്തിലുള്ള ഗ്രൂപ്പ് തിരിഞ്ഞ് സംഘടനാ റിപ്പോർട്ടിന്റെമേൽ അംഗങ്ങൾ വിശദമായി ചർച്ചനടത്തി. ഏകീകൃത സർവകലാശാലാ നിയമത്തിനെതിരെയുള്ള നമ്മുടെ സമരത്തിന്റെ ഭാവിരൂപത്തെപ്പറ്റിയും വിവാദപരമായ 'Monthly Report സംബന്ധിച്ച സംഘടനയുടെ നിലപാടിനെ പറ്റിയും, വർക്ക്ലോഡ്, പ്രീഡിഗ്രി ഡീലിങ്കിംഗ് തുടങ്ങിയ കാര്യങ്ങളെപ്പറ്റിയുമാണ് പ്രധാനമായും ചർച്ച നടന്നത്. ചർച്ച രാത്രി 1 മണിവരെ തുടർന്നു. സമ്മേളനത്തിന്റെ രണ്ടാം ദിവസമായ 17-ാം തീയതി രാവിലെ 9മണി മുതൽ തന്നെ ഗ്രൂപ്പ് ചർച്ചയുടെ റിപ്പോർട്ടിംഗ് ആരംഭിച്ചു. മൂന്ന് സർവകലാശാലാ മേഖലകളെയും പ്രതിനിധീകരിച്ച് മൊത്തം ആറുപേർ ചർച്ചയുടെ ക്രോഡീകരിച്ച രൂപം റിപ്പോർട്ട് ചെയ്തു. തുടർന്ന് 11 മണിയോടെ പ്രൊഫ: വി. അരവിന്ദാക്ഷൻ അദ്ധ്യാപക സർവീസ് സംഘടനകളുടെ കാലിക പ്രസക്തിയും കടമകളും സംബന്ധിച്ച് പ്രഭാഷണം നടത്തുകയുണ്ടായി. അദ്ധ്യാപകരുടെ അവകാശങ്ങൾക്കു വേണ്ടിയുള്ള സമരങ്ങളിൽ സജീവ ശ്രദ്ധ കാണിക്കുന്നതോടൊപ്പംതന്നെ ഒരു നല്ല തൊഴിൽസംസ്കാരം രൂപപ്പെടുത്തിയെടുക്കുവാനും സംഘടനകൾക്ക് ഉത്തരവാദിത്വമുണ്ടെന്ന് അദ്ദേഹം പ്രവർത്തകരെ ഉദ്ബോധിപ്പിച്ചു. സാമൂഹ്യ വിപത്തുകളെ തിരിച്ചറിയുവാനും അവയ്ക്കെതിരെ പ്രതികരിക്കുവാനുമുള്ള ശേഷി വിദ്യാർത്ഥികൾക്ക് നേടികൊടുക്കുക എന്നതാണ് ഇന്നത്തെ അദ്ധ്യാപകന്റെ കാലികമായ കടമയെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

തുടർന്ന് ചർച്ചക്ക് ജനറൽ സെക്രട്ടറി മറുപടി പറഞ്ഞു. അംഗങ്ങൾക്കിടയിൽ വിതരണം ചെയ്ത ക്രഡൻഷ്യൽ ഫോറങ്ങളുടെമേലുള്ള വിശദമായ റിപ്പോർട്ട് ശ്രീ നാരായണൻ അവതരിപ്പിച്ചു.

സമ്മേളനം ഉച്ചക്ക് 2 മണിയോടെ പിരിഞ്ഞു.

## കോട്ടയ്ക്കലിൽ ഓറിയന്റേഷൻ ക്ലാസ്

കോട്ടയ്ക്കൽ ആയുർവേദ കോളേജ് എ കെ പി സി ടി എ ബ്രാഞ്ച് അധ്യാപകർക്കുവേണ്ടി ഒരു ദിവസത്തെ ഓറിയന്റേഷൻ ക്ലാസ് സംഘടിപ്പിച്ചു. 'How to make the lecture more impressive' എന്നതായിരുന്നു വിഷയം. അന്തർദേശീയ പരിശീലകനായ ജി. ബാലചന്ദ്രൻ എം. ബി എ ആണ് ക്ലാസ് എടുത്തത്.

# ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകർക്ക് യു. ജി.സി.

GOVERNMENT OF KERALA
No. 15025/B2/91/H.Edn
Higher Education (B) D partment,
Thiruvananthapuram, Dated : 23/10/1993.

From

The Secretary to Government.

To

The Director of Collegiate Education,
Thiruvananthapuram.

Sir,

Sub:- UGC Scheme — Extension of benefits to qualified Physical Education Teachers. Fixation of strength of Physical Education Teachers on the basis of Student strength-reg-

Ref:-(1) Govt. lr. of even number dated 22-2-93 and 6-4-93

(2) Your D.O lr. No UGC I(1)24093/91/Coll. Edn. dated 23-3-93 and 18-6-93.

I am directed to invite your attention to the references cited and to inform you as follows :

(i) One Physical Education Teacher in each college where the number of students under Degree/P.G. Course is 1000 or below will be brought under the UGC Scheme,

(ii) All other Physical Ebucation Teachers who are not eligible to come under the UGC Scheme will be granted UGC Scales on completion of 8 years service as specified in the scheme.

I am, therefore to request you to take necessary steps for granting fixation under the UGC Scheme to the Physical Education Teachers on the above lines. I am also to request you to furnish the details such as financial comitment etc. for issuing necessary orders for granting UGC benefit to the 2nd teacher under UGC Scheme if there are more than 1000 students in Degree/P. G. Courses-

Yours faithfully,
Sd/
D- Leela kumari
Under Secretary
for Secretary to Government

# റിഫ്രഷർകോഴ്സ്: യു ജി സി അറിയിപ്പ്

DR. P. H. SETHUMADHAVARao
JOINT SECRETARY

UNIVESITY GRANTS COMMISION
BAHADURSHAH ZAFAR MARG
NEW DELHI - 110 002
September 1993

D.O.No. F.1-6/90 (ASC)

Dear Mr. Vice-Chancellor,

The University Grants Commission at its meeting held recently considered the relaxation of conditions for participation of lecturers in the Refresher Courses/ Summer Institutes for placement in senior scale/selection grade/Reader..

The Commission had contituted a Standing Committee to look into the matter and make recommendations accordingly.

On the recommendations made by the Standing Committee, the Comission has taken the following decisions:

(I) It was decided that the following courses/programmes will be recognised as equivalent to Orientation / Refresher Courses;

(a) P. G. Diploma in English conducted by CIEFL, Hyderabad may be considered as equivalent to Orientation/Refresher Courses in English.

(b) P.G. Diploma in Higher Education conducted by I.G.N.O.U. New Delhi may be cosidered as equivalent to one Orientation Course for teachers of various disci- plines. This course may be considered as equivalent to two Refresher Courses for teachers of Education.


(c) The P.G. Diploma in Distance Education of I.G.N.O.U. may be considered as equivalent to two Refresher Courses for teachers of Distance Education in vari ous Universities.

(d) The Masters Degree in Subject Communication conducted by Yashwant Rao Chavan Maharashtra Open University, Nashik may be considered as equvalent to two Refresher Courses in the respective disciplines.

(e) The Masters Degree in Distance Eucation of Yashwant Rao Chavan Mharashtra Open University, Nashik may be considered as eqeivalent to two Refresher Conrses for teachers of Distance Education.

(2) S.E.R.C. and other schools organisnd by Universities on behalf of D. S. T. in various disciplines which are of three to four weeks' duration may be considered as equivalent to one Refresher Course in that particular or related discipline.

(3) The Summer Institutes of about six weeks' duration conducted in different dis- ciplines by various univercities under the aiges of the Univerrity Grants Commission



## ഡോ. എ. പി. ഹരിദാസന് അനുമോദനം

കോട്ടയ്ക്കൽ ആയുർവേദ കോളേജിലെ പ്രിൻസിപ്പലായി ഡോ. എ. പി. ഹരിദാസൻ നിയമിതനായി. എ കെ പി സി ടി എ യുടെ സജീവപ്രവർത്തകനാണ് ഡോ ഹരിദാസൻ.

---

may be considered as equivalent to one Refresher Course in that particular discipline.

(4) The courses such as Indo-British Workshop conducted by E.M R.C. Ahmedabad (six-weeks' duration), Indo-French Workshop organised at M.C.R.C., New Delhi (four weeks' duration), Indo - American Workshop organised at CIEFL, Hyderabad (four weeks' duration), may be treated as equivalent to one Refresher Course specially for the faculty working in various media centres who are in the Lecturer's scale of Rs. 2200-4000 for the purpose of Career Advancement.

(5) The Course on "An Integrated Approach to Knowledge & Information for University and College Teachers" conducted by National Institute of Advanced studies, Indian Institute of Science, Bangalore may be recognised as equivalent to one Orientation Course.

I shall be grateful if you kindly bring the above decisions to the notice of all concerned.

With regards,

Yours sincerely.
Sd/-
(P.H. SETHUMADHAVA RAO)

Dr. J. V. Vilanilam.
Vice-Chancellor,
University of Kerala,
Trivandrum 695 034

# P.F. ജോലിതീർക്കാൻ കമ്പ്യൂട്ടർ

GOVERNMENT OF KERALA

Higher Education Department—Establishment of Collegiate Education Clearing the Provident Fund accounts of Private College staff—entrusting the work with the LBSC — sanctioned orders issued.

HIGHER EDUCATION

G.O (MS) 135/93/H. Edn. Dated Thiruvananthapuram 18-10-93

Read:—D. O. letter No P.F I (1) 46104/87 Coll. Edn. dated 11-2-93 from the Director of Collegiate Education, Thiruvananthapuram.

ORDER

The Kerala Private College Staff Provident Fund has been introduced on 1-4-76. The accounting of the Provident Fund and the issue of credit cards of the Private College Staff are in arrears from 1980 onwards for want of sufficient staff. The Private College Staff Associations are demanding the issue of upto date credit cards regularly. The Director of Collegiate Education has furnished proposal to Government to entrust the work of clearance of Provident Fund arrears to the LBSC

# കോളേജ് കൗൺസിൽ തിരഞ്ഞെടുപ്പ്

തലയോലപ്പറമ്പ് ദേവസ്വം ബോർഡ് കോളേജ് കൗൺസിലിലേയ്ക്ക് നടന്ന തിരഞ്ഞെടുപ്പിൽ എ കെ പി സി ടി എ സ്ഥാനാർത്ഥികൾ വൻഭൂരിപക്ഷത്തിൽ വിജയിച്ചു. പ്രൊഫ. ഹരിഹരൻ പിള്ള, ശ്രീമതി ബീന, ശ്രീ. ജോയി എന്നിവരാണ് കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്.

# ശിക്ഷണ നടപടി റദ്ദാക്കി

ഇടക്കൊച്ചി അക്വിനാസ് കോളേജിലെ ശ്രീമതി മേരികാർമ്മലിന്റെ ഇൻക്രിമെന്റ് നിഷേധിച്ചുകൊണ്ട് മാനേജ്മെന്റ് എടുത്ത ശിക്ഷണ നടപടി മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി അപ്പലേറ്റ് ട്രൈബ്യൂണൽ റദ്ദാക്കി. ശ്രീമതി മേരികാർമ്മലിനു വേണ്ടി ട്രൈബ്യൂണലിൽ അഡ്വ: പ്രൊഫ. പി. നരേന്ദ്രൻ ഹാജരായി.



നാട്ടിക എസ്. എൻ. കോളേജിനുമുമ്പിൽ
അധ്യാപകർ ധർണ നടത്തുന്നു

# കോളേജുകളിൽ ധർണ

യു. ജി. സി. സ്കെയിൽ എല്ലാകോളേജധ്യാപകർക്കും അനുവദിക്കുക യു. ജി. സി സ്കീമിലെ അപാകതകൾ പരിഹരിക്കുക, കേന്ദ്ര സ്കെയിൽ എല്ലാ ആനുകൂല്യങ്ങളോടും കൂടി അതേപടി നടപ്പിലാക്കുക എന്നീ ആവശ്യങ്ങളുന്നയിച്ച് എ കെ പി സി ടി എ എല്ലാ കോളേജുകളിലും സെപ്റ്റംബർ 29 ന് ധർണ നടത്തി.

നാട്ടിക എസ് എൻ കോളേജിലെ ധർണ അഡ്വ എ. പി. പ്രേംലാൽ ഉദ്ഘാടനം ചെയ്തു. ബ്രാഞ്ച് പ്രസിഡൻറ് പ്രൊഫ ടി. കെ. നാരായണൻകുട്ടി, സെക്രട്ടറി ടി. എ. ശശിധരൻ പ്രൊഫ എ.എം.കൃഷ്ണൻ എന്നിവർ സംസാരിച്ചു.

---

and to meet the expendjture of Rs. 10 lakhs approximately by debiting to the head of account 2204-03-04-99 contigency and maintenance grant of private colleges with permission to pay of an, advance of Rs. 5/- lakhs from the current years budget provision

2. Government have examined the matter in detail and are pleased to order that the work connected with the clearing of the Arrears of Provident Fund accounts of Private College Staff be entrusted with the L.B.S. Centre for Science and Technology, Thiruvananthapuram at the rate of Rs.4.10 per account per year as agreed to by them.

3, Sanction is also accorded for the payment of an advance of Rs. 5 lakhs (Rupees five lakhs only) to the L.B.S. Centre. The expenditure will be met from the current years budget provision by debiting to the head of account "2204-03-104-99' contingency and maintenance Grant.

4. The Director of Collegiate Educction will watch the progress of the work and will report the progress to Government regularly.

(BY ORDER OF THE GOVERNOR)
G Kucheladas
Joint Secretary

*With best compliments from :-*

**Calicut Co-operative arts and Commerce College**

**Principal**

---

*With best compliments from :-*

**Malabar Christian College Co-operative Society**

President

Secretary

# Kerala private college teacher

monthly journal of th private college teachers' association

R.No. 36025/81

Registered No. KLTV (N) 35




സെക്രട്ടേറിയേററ്പടിക്കൽ കോളജദ്ധ്യാപകർ നടത്തിയ കൂട്ടഉപവാസം പ്രതിപക്ഷനേതാവ് വി. എസ്. അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു.


Printed and published by v narayanankutty at chempaka printers
Thiruvananthapuram-4 phone : 442127 chief editor: sukumaran nair